34. ശ്രീമതി റോസമ്മ ചാക്കോ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീമതി ശോഭനാ ജോർജ്
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി.പി. തങ്കച്ചൻ
39. ശ്രീ. സി.എഫ്. തോമസ്
40. ശ്രീ. തോമസ് ചാഴികാടൻ
41. ശ്രീ. കെ.സി. വേണുഗോപാൽ
42. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 42

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 42

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

രണ്ടരമണി മുതലുള്ള അപരാഹ്ന സമ്മേളനം ആരംഭിക്കുന്നതേയുള്ളൂ.

ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം, ശ്രീ. ജി. സുധാകരൻ, അങ്ങേയ്ക്ക് ഉപക്ഷേപം അവതരിപ്പിക്കാം.

XII. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. ജി. സുധാകരൻ : സർ, "രാജ്യത്തെ ദേശസാൽകൃത-പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം രാജ്യത്തിന്റെ സമ്പദ്ഘടനെയെയും വികസനത്തേയും പ്രതികൂലമായി ബാധിക്കുന്നതും ജനങ്ങൾക്ക് ഗുണകരമല്ലാത്തതുമാകയാൽ പ്രസ്തുത തീരുമാനത്തിൽനിന്നും കേന്ദ്രസർക്കാരിനെ പിൻതിരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈ സഭ ചർച്ചചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഒരു മണിക്കൂർ ചർച്ച.

ശ്രീ. ജി. സുധാകരൻ : സർ, ഈ ഉപക്ഷേപം ഇന്നു ഇൻഡ്യയുടെ സമ്പദ്ഘടനയെയും രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തെയും സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി വന്നിരിക്കുന്നതിനാൽ ഇതിനെപ്പറ്റി സഭയാകെയും, പ്രതിപക്ഷത്തുള്ളവർ പ്രത്യേകിച്ചും ചർച്ച ചെയ്ത് കേരളത്തിന്റെ വികാരം, ഈ നിയമസഭയുടെ വികാരം കേന്ദ്രഗവൺമെന്റിനെ ഒറ്റക്കെട്ടായി അറിയിച്ച് അത് തിരുത്തിക്കാനുള്ള നീക്കത്തിൽ നമ്മുടെ ശക്തമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ആദ്യമായി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുകയാണ്. ഇത് പറയുമ്പോൾ ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റ വളരെ ശക്തിയായി മുന്നോട്ടു കൊണ്ടുവരുന്ന സാമ്പത്തിക നയങ്ങളെല്ലാം തന്നെ ഇവിടെ പരാമർശ വിഷയമാകുന്ന, പൊതുമേഖലാബാങ്കുകളെ സംബന്ധിച്ച കാര്യം പ്രത്യേകിച്ചും നേരത്തെ അധികാരത്തിലുണ്ടായിരുന്ന കോൺഗ്രസ്സ് (ഐ) ഗവൺമെന്റ് ആരംഭിച്ച നയങ്ങളുടെ ഒരു തുടർച്ചയാണെന്ന കാര്യം ആത്മവിമർശനപരമായി ഇവിടെ പ്രതിപക്ഷത്തുള്ള യു.ഡി.എഫ്. പൊതുവിലും, കോൺഗ്രസ്സ് (ഐ) പ്രത്യേകിച്ചും കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേന്ദ്രത്തിൽ കോൺഗ്രസ്സ് (ഐ)ക്ക് അധികാരം നഷ്ടപ്പെട്ട ഈ അവസരത്തിൽ വാസ്തവത്തിൽ ഇത് സ്വയംവിമർശനപരമായി കാണുന്നതിന് തടസ്സമുണ്ടാകേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയർമാനായുള്ള AICC Introspection Committee റിപ്പോർട്ടിൽതന്നെ സാമ്പത്തിക നയത്തിന് ബദലായി കഴിഞ്ഞ ഇലക്ഷൻ കാലത്ത് ഒരു നയം മുന്നോട്ടുവയ്ക്കാതിരുന്നത് കോൺഗ്രസ്സിന്റെ പരാജയത്തിന്റെ കാരണങ്ങളിൽ ഒന്നാണെന്ന് പറഞ്ഞിട്ടുണ്ടെന്നാണ് പത്രവാർത്തകൾ കാണിക്കുന്നത്. ഇവിടെ ബാങ്കുകളെ സംബന്ധിച്ചിടത്തോളം നാഷണലൈസേഷൻ എന്തുകൊണ്ട് ഉണ്ടായിയെന്നുള്ളത് നാം വിസ്മരിക്കാൻ പാടില്ല. 1969 ജൂലൈ 19-ാം തീയതി ബാങ്ക് നാഷണലൈസേഷനുള്ള ലെജിസ്ലേഷൻ നടത്തുന്ന സമയത്ത് അന്ന് 50 കോടിയിലധികം രൂപ നിക്ഷേപമുള്ള ബാങ്കുകളെയാണ് ദേശസാൽക്കരിച്ചത്. ശ്രീമതി ഇന്ദിരാഗാന്ധിയാണ് അന്ന് കേന്ദ്രത്തിൽ അതിന് നേതൃത്വം കൊടുത്തത് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിനുശേഷം 1980-ൽ ഇരുന്നൂറു കോടി രൂപയിലധികം നിക്ഷേപമുള്ള ആറു വലിയ ബാങ്കുകളെക്കൂടെ ദേശസാൽക്കരിച്ചു. 1969 ജൂലായ് 19-ന്റെ പ്രശ്നം പറയുമ്പോൾ അന്ന് ഇൻഡ്യയുടെ അത്യുന്നത നീതിപീഠമായിരുന്ന സുപ്രീം കോടതി 1970 ഫെബ്രുവരി മാസം പത്താം തീയതി ഈ നാഷണലൈസേഷൻ സംബന്ധിച്ച പാർലമെന്റ് എനാക്ടുമെന്റിനെ നിരാകരിച്ചു. അതിനെ അസ്ഥിരപ്പെടുത്തിയെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇതിനെ മറികടക്കുന്നതിനുവേണ്ടി ഗവൺമെന്റ് പിന്നീട് ഒരു ഓർഡിനൻസ് കൊണ്ടുവരികയും അതിന് റിട്രോസ്പെക്ടീവ് ഇഫെക്ട് കൊടുത്തുകൊണ്ട് നാഷണലൈസേഷൻ എനാക്ടുമെന്റിന് സംരക്ഷണമുണ്ടാക്കുകയാണുണ്ടായത്. സുപ്രീം കോടതി ഈ ബാങ്കുകൾ ദേശസാൽക്കരിക്കുന്ന എനാക്ടുമെന്റ് നിരാകരിക്കുന്നതിനു മുമ്പുതന്നെ ഫണ്ടമെന്റൽ റൈറ്റ്സിനെപ്പറ്റി സുപ്രീം കോടതി മുന്നോട്ടു കൊണ്ടുവന്ന വിധികളും ഗോലക്നാഥ് കേസുകളടക്കമുള്ള കേസുകളിൽ അവർ എടുത്ത നിലപാടുകളുമെല്ലാം ഓർക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. സുപ്രീം കോടതിയും രാജ്യത്തിന്റെ പരമോന്നത നിയമനിർമ്മാണ സഭയും തമ്മിലുള്ള ഏറ്റുമുട്ടലുണ്ടാവുകയും പരമോന്നത നിയമ നിർമ്മാണ സഭ വിജയിക്കുകയും ചെയ്തു. പാർലമെന്ററി ഡെമോക്രസി അതിന്റെ ആധിപത്യം ഇവിടെ കാണിക്കുകയുണ്ടായി. 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധിക്ക് അതു പാർലമെന്റിൽ പാസ്സാക്കിയെടുക്കാൻ കഴിഞ്ഞത് എല്ലാവർക്കുമറിയാമല്ലോ - ഇടതുപക്ഷങ്ങളുടെ പിന്തുണ ഒന്നുകൊണ്ടുമാത്രമാണ്. ആ ബാങ്ക് നാഷണലൈസേഷനെ ഇടതുപക്ഷ പ്രസ്ഥാനം പിൻതുണച്ചില്ലായിരുന്നെങ്കിൽ ആ ലെജിസ്ലേഷൻ പാസ്സാവുകയില്ലായിരുന്നു എന്നു മാത്രമല്ല ഇന്ദിരാഗാന്ധി അന്ന് സിൻഡിക്കേറ്റു കോൺഗ്രസ്സിനോട് അടിയറവു പറയുകയും അവരുടെ രാഷ്ട്രീയ ഭാവിക്ക് ഗുരുതരമായ തിരിച്ചടിയുണ്ടാകുകയും ചെയ്യുമായിരുന്നു.

(അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ രാഷ്ട്രീയ ഭാവി ശോഭായമാനമാക്കാൻ വേണ്ടിയല്ല അന്ന ഞങ്ങൾ പിൻതുണച്ചത്. അന്നത്തെ രീതിയിൽ ശരിയായ ഒരു നിയമ നിർമ്മാണം കൊണ്ടുവന്നപ്പോൾ പ്രിവി പേഴ്സ് അബോളിഷൻ ബില്ലിലും ബാങ്കു നാഷണലൈസേഷൻ ബില്ലിലും ഞങ്ങൾ ശരിയായ ഒരു നിലപാടെടുത്തുവെന്ന കാര്യം നിങ്ങൾ പിന്നീട് ഒരിക്കലും ഓർമ്മിക്കുന്നില്ല. ഞങ്ങൾ നിങ്ങളെ വിമർശിച്ചാൽ പ്രതികാരപരമായ കമ്മ്യൂണിസ്റ്റു വരുദ്ധ, ഇടതുപക്ഷ വിരുദ്ധ, ജനാധിപത്യവിരുദ്ധ വാദഗതികളിലൂടെ ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റുമായി കൈകോർത്തു പിടിച്ചുകൊണ്ട് ഈ രാജ്യത്തെ പൊതുമേഖലാ ബാങ്കിംഗ് സമ്പദ്ഘടനയെ തകർക്കാൻ നിങ്ങൾ കൂട്ടുനിൽക്കുമ്പോൾ നിങ്ങൾ പഴയ കാര്യങ്ങൾ ഓർക്കുന്നത്, പഴയ അധികാരസ്ഥിതി നിങ്ങൾക്ക് ഇപ്പോൾ ഇല്ലാത്തതുകൊണ്ട് ഭാവിയിൽ കൂടുതൽ നന്നായിരിക്കും. നിങ്ങൾ വൈദ്യുതിരംഗം മുഴുവൻ സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ചവരാണ്. ആൾ ഇൻഡ്യാ കാര്യങ്ങൾ ഒന്നും ഈ കാര്യത്തിൽ ഞാൻ പറയുന്നില്ല. നിങ്ങൾ ഈ സ്ഥിതിയിൽ നിന്നും മാറണം. മാറിയാൽ നമുക്ക് ഒരുമിച്ചുനിന്ന് രാജ്യത്തെ വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിയും. ബി.ജെ.പി. ഗവൺമെന്റിനെ മുട്ടുകുത്തിക്കാൻ കഴിയും. ശ്രീമാൻ കരുണാകരനും ശ്രീമാൻ ആന്റണിയും മുഖ്യമന്ത്രിമാരായിരുന്നപ്പോൾ കായങ്കുളം താപനിലയം അമേരിക്കയുടെ ബഹുരാഷ്ട്ര കുത്തകയായ എന്റോണിന് തീറെഴുതാൻ നിങ്ങൾ ശ്രമിച്ചത് ഞാൻ ഓർക്കുകയാണ്. അതിൽനിന്നും നിങ്ങളെ മാറ്റാൻ വലിയ പ്രക്ഷോഭണം വേണ്ടിവന്നു. എൻ.ടി.പി.സി. അതു പണിയുകയും ചെയ്തു. എന്റോണിന് നിങ്ങൾ തീറെഴുതിയിരുന്നെങ്കിൽ അവർ തീരുമാനിക്കുന്ന വിലയ്ക്ക് കാലാകാലങ്ങളിൽ ഇലക്ട്രിസിറ്റി വിൽക്കേണ്ടിവരുമായിരുന്നു. അവരുടെ കണ്ടീഷൻ അതായിരുന്നു. ഇൻഡ്യയിലെ ഒരു കോടതിയിലും അതു ചോദ്യം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ നിങ്ങൾ ഒപ്പിട്ടു കൊടുക്കാൻ തയ്യാറായിരുന്നു. ഈ രാജ്യത്തിന്റെയും നിങ്ങളുടെയും ഭാഗ്യം കൊണ്ട് അതു നടന്നില്ല. ബഹുമാനപ്പെട്ട ശിവദാസമേനോൻ തുടങ്ങി സഖാവ് പിണറായി വിജയനിലൂടെ ഉയർന്നുവന്ന് 'സഖാവ് ശർമ്മയിലൂടെ സംരക്ഷിക്കപ്പെടുന്ന സഖാവ് നായനാർ മുഖ്യമന്ത്രിയായിരിക്കുന്ന ഈ കാലത്തു എൻ.ടി.പി.സി 350 മെഗാവാട്ട് വൈദ്യുതി അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ച് ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ നിങ്ങൾ ഞങ്ങളെ കടത്തിവെട്ടി. നിങ്ങൾ എൽ.ഐ.സി. റെഗുലേറ്ററി ബിൽ പാസ്സാക്കിക്കൊടുത്തു. ഇൻട്രോസ്പെക്ഷൻ റിപ്പോർട്ടിൽ ചില അപകടസൂചനകൾ നൽകിയ ശ്രീമാൻ എ.കെ. ആന്റണിയെ അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനി ചില നല്ല കാര്യങ്ങൾ. അദ്ദേഹത്തിന്റെ റിപ്പോർട്ടിലുണ്ടെന്ന് എഡിറ്റോറിയൽ എഴുതി. കോൺഗ്രസ്സിന്റെ പാരമ്പര്യംവച്ച് എഴുതുന്ന മഷിയുടെ വിലപോലും പിന്നിടു കാണുകയില്ല എന്നതു വേറെകാര്യം. അങ്ങനെയുള്ള ചില കാര്യങ്ങൾ ഞങ്ങൾ വിമർശനങ്ങൾ ഉന്നയിച്ചു എന്നുള്ളതു ശരിയാണ്. നിങ്ങൾ പാസ്സാക്കിക്കൊടുത്ത റെഗുലേറ്ററി ബിൽ ബി.ജെ.പി.ക്ക് ഒറ്റയ്ക്ക് പാസ്സാക്കാൻ ഭൂരിപക്ഷമുണ്ടോ? ബി.ജെ.പി. ക്ക് ഒറ്റയ്ക്ക് പാസ്സാക്കാൻ പറ്റുമോ? നിങ്ങൾ കൈകോർത്തു പിടിച്ച് എൽ.ഐ.സി.യുടെ റെഗുലേറ്ററി ബിൽ പാസ്സാക്കിക്കൊടുത്തു. എൽ.ഐ.സി.യുടെ സ്ഥിതി എന്താണ്? ഒന്നേകാൽ ലക്ഷം ജീവനക്കാരാണ്. ഒരുലക്ഷം കോടിയാണ് അതിന്റെ മൂലധനം. 1957-ൽ ഈ രാജ്യത്തെ പ്രധാനമന്ത്രിയും നിങ്ങളുടെ പരമോന്നത നേതാവുമായ ജവഹർലാൽ നെഹ്റു അതിനെ നാഷണലൈസ് ചെയ്യുമ്പോൾ ആദ്യത്തെ സ്വകാര്യ ഇൻഷുറൻസ് കമ്പനികളെ, വിദേശ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഷ്വറൻസ് കമ്പനികളടക്കം, റോയൽ ഇൻഷ്വറൻസ് കമ്പനിയെ സഹിതം ദേശസാൽക്കരിച്ചുകൊണ്ട് 1955-ൽ അതിനു ആരംഭം കുറിക്കാനും '57-ൽ മുഴുവൻ ദേശസാൽക്കരിക്കാനും 1973-ൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് ജി.ഐ.സി.യെ നാഷണലൈസ് ചെയ്യാനും കഴിഞ്ഞത് നിങ്ങൾക്കറിയാമല്ലോ. അമേരിക്കൻ കമ്പനികൾ - യു.കെ കമ്പനികൾ - ഫ്രഞ്ച് കമ്പനികൾ - ഇറ്റാലിയൻ കമ്പനികൾ 70% ഡീഫാൾട്ടേഴ്സായിരുന്നു. എന്നുപറഞ്ഞാൽ ഇൻഡ്യയിലെ ഇൻഷ്വറേഴ്സിന് 100 രൂപ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ 70 രൂപ പോലും കൊടുക്കാതെ ഡീഫാൾട്ട് നടത്തിയ ആ കമ്പനികളെ നാഷണലൈസ് ചെയ്ത നെഹ്റുവിന്റെ യുഗത്തിന്, ബി.ജെ.പി.യുമായി ചേർന്ന് നിങ്ങൾ തിരശ്ശീല ഇട്ടുകൊണ്ട് നെഹ്റുവിനെ മാത്രമല്ല ഈ രാജ്യത്തെയാകെ വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. കോൺഗ്രസ്സിന് എന്താണു പറയാനുള്ളത്? എൽ.ഐ.സി.യുടെ റെഗുലേറ്ററി ബിൽ പാസ്സാക്കാൻ, ഇത്ര മഹത്തായ ഒരു സ്ഥാപനം തകർക്കാൻ എന്തിന് നിങ്ങൾ കൂട്ടുനിന്നു? ബാങ്കിനെ പിടിക്കാൻ B.J.Pയ്ക്ക് നിങ്ങൾ ശക്തി പകരുകയാണ്. എത്രരൂപയാണ് ഈ രാജ്യത്തെ പഞ്ചവൽസര പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി എൽ.ഐ.സി. ഒൻപതാം പദ്ധതിവരെ ചെലവഴിച്ചത്. ഒന്നും രണ്ടും പഞ്ചവൽസരപദ്ധതിയിൽ എൽ.ഐ.സി. നാഷണലൈസ് ചെയ്തിട്ടില്ല. മൂന്നാം പദ്ധതി മുതൽ ഒൻപതാം പദ്ധതിവരെയുള്ള ആറു പദ്ധതിക്കാലത്ത് എത്ര രൂപയാണ് പഞ്ചവൽസരപദ്ധതികളുടെ വികസനത്തിനു ഈ രാജ്യത്തിനു കൊടുത്തത് ഏറ്റവും ലോവസ്റ്റ് ഇന്ററസ്റ്റിന് 12.5 ശതമാനം പലിശയ്ക്കാണ് കൊടുത്തത്. ഗവൺമെന്റ് മുടക്കിയത് വെറും അഞ്ചു കോടി രൂപ. അഞ്ചു കോടി രൂപ നെഹ്റുവിന്റെ കാലത്തു മുടക്കിയപ്പോൾ ഒരുലക്ഷം കോടി രൂപയാണ് ആറു പഞ്ചവൽസരപദ്ധതികൾക്ക് കൊടുത്തത്. നിങ്ങൾ അതിനെ കുഴിച്ചുമൂടാൻ പോകുകയല്ലേ? അഞ്ചുകോടി രൂപ മുടക്കിയ ഗവൺമെന്റിന് 150 കോടി രൂപ. ഇതുവരെ L.I.C. ഡിവിഡന്റ് കൊടുത്തു. എൽ.ഐ.സി. പൊതുമേഖലാ ബാങ്കുകളുടെ ഒരു മൂത്ത സഹോദരിയാണ്. അവിടെയാണ് നാഷണലൈസേഷനുണ്ടായത്. ആ മൂത്ത ചേച്ചിയെ നിങ്ങൾ കിണറ്റിൽ കെട്ടിയിറക്കുകയല്ലേ ചെയ്തത്? അനിയത്തിയെ-(ബാങ്കിനെ) ഇപ്പോൾ എവിടേയ്ക്കാണ് കെട്ടിയിറക്കാൻ പോകുന്നത്? ഞാൻ നിങ്ങളെ പ്രകോപിപ്പിക്കാൻ വേണ്ടിയല്ല പറയുന്നത്. നിങ്ങൾ ടെലികോം പിടിക്കാൻ തുടങ്ങിയപ്പോൾ പ്രക്ഷോഭണം കാരണം മാറ്റിവച്ചു. ടെലികോമിൽ നാലരലക്ഷം ജീവനക്കാരാണുള്ളത്. ഇരുപത്തേഴു ലക്ഷം കണക്ഷനുകൾ കൊടുത്തു. ഇരുപത്തി മൂന്നു ലക്ഷം കണക്ഷനുകൾ കൊടുത്താൽ മതിയായിരുന്നു. ഒൻപതാം പദ്ധതിക്കാലത്ത് കൂടുതൽ കണക്ഷനുകൾ കൊടുക്കുന്നു. നിങ്ങൾ അതിനെയും നശിപ്പിക്കാൻ നോക്കുകയാണ്. നിങ്ങൾ സ്വകാര്യ യൂണിവേഴ്സിറ്റിക്ക് അനുവാദം കൊടുക്കാൻ പോകുകയാണ്. നിങ്ങളുടെ കാലത്ത് തുടങ്ങിയതാണ് ഈ സ്വകാര്യകച്ചവടങ്ങൾ. യു.ജി.സി.യിലെ ബി.ജെ.പി.യുടെ നോമിനേറ്റഡ് ചെയർമാൻ പറയുകയാണ് സർവകലാശാലയ്ക്ക് ഇനി ഗ്രാന്റ് നൽകില്ല. നിങ്ങൾ വേണമെങ്കിൽ പണമുണ്ടാക്കിക്കൊള്ളണം. നിങ്ങൾ വിവാഹത്തിന് റെന്റിന് സർവകലാശാലയുടെയും കോളേജുകളുടെയും ഹാളുകൾ കൊടുക്കുകയാണ്. അവിടെ വേറെ ബിസിനസ്സ് നടത്തുകയാണ്. നശിപ്പിക്കുന്നതിന് നിങ്ങൾ കൂട്ടുനിൽക്കുകയാണ്. ബാങ്കുകളുടെ പന്ത്രണ്ടായിരം ശാഖകൾ പൂട്ടുന്ന പരിപാടി ശ്രീ. മൻമോഹൻസിംഗ് 1995-ലാണ് ആദ്യം ആരംഭിച്ചത്. പെട്ടെന്ന് അതു നിങ്ങൾക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യയിലെ നാഷണലൈസ്ഡ് ബാങ്കുകളിൽ 7 ലക്ഷം കോടി രൂപയുടെ നിക്ഷേപം കഴിഞ്ഞിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നു. നിങ്ങൾ അതിനെയല്ലേ നശിപ്പിക്കാൻ ശ്രമിക്കുന്നത്? കാർഷിക വ്യാവസായിക വായ്പയ്ക്ക് 1969 വരെ 307 കോടി രൂപയാണ് നാഷണലൈസേഷനുമുമ്പ് ഈ ബാങ്കുകൾ ചെലവഴിച്ചത്. 1990-91-ൽ തൊണ്ണൂറ്റി ഒന്നായിരത്തി എഴുന്നൂറ്റി മുപ്പത്തിരണ്ട് കോടി രൂപയായി. ഇപ്പോൾ 1999-2000-മാണ്ടിൽ രണ്ടുലക്ഷം കോടി രൂപയിൽ കവിഞ്ഞ വായ്പ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്ന് കാർഷിക വ്യാവസായിക മേഖലയ്ക്കു കൊടുത്തു. അങ്ങനെ അവഗണിക്കപ്പെട്ടിരുന്ന മേഖലകളെ ഉയർത്തിക്കൊണ്ടുവരുന്നതിന്, നമ്മുടെ പദ്ധതി പ്രവർത്തനം സുഗമമാക്കാൻ രാജ്യത്തെ സാമ്പത്തികവളർച്ചയ്ക്ക്, സോഷ്യലിസം ഇപ്പോൾ പ്രായോഗികമല്ല. എങ്കിലും ഒരു പരിധിവരെ രാജ്യത്ത് മാറ്റമുണ്ടാക്കാൻ വേണ്ടിയാണ്, ഗ്രാമീണ ജനങ്ങളേയും നഗരത്തിലെ അവഗണിക്കപ്പെട്ടിരുന്ന ചെറുകിട വ്യവസായ സംരഭകരെയും കർഷകരെയും ഉയർത്തിക്കൊണ്ടുവരാൻവേണ്ടിയാണ് ബാങ്കു നാഷണലൈസേഷൻ ഉന്നംവച്ചത്. അതിനെ നിങ്ങൾ നശിപ്പിക്കരുത്. കോൺഗ്രസ്സിന്റെ സ്പ്ലിറ്റിംഗിലേയ്ക്കു ഞാൻ കടക്കുന്നില്ല. നിങ്ങളെ ഇടതുപക്ഷ പാർട്ടികൾ സഹായിച്ചത് ഞാൻ ഓർമ്മിപ്പിക്കുകയുണ്ടായി. അതിനു നിങ്ങൾ പ്രതിഫലം നൽകിയത് 1971-77 കാലത്ത് അർദ്ധ ഫാസിസ്റ്റു ഭീകരവാഴ്ച ബംഗാളിൽ അടിച്ചേൽപ്പിച്ചുകൊണ്ടാണ്. ഇന്ദിരാഗാന്ധിയുടെ മുഖം രക്ഷിക്കാൻ രാഷ്ട്രീയമായി പ്രയോജനപ്പെട്ട ശേഷം, ബംഗാളിലെ രണ്ടായിരം സഖാക്കളെ നിങ്ങൾ 1991-97-ൽ കൊന്നു. അർദ്ധ ഫാസിസവുമായി ബംഗാളിൽ അരങ്ങേറിയ നിങ്ങൾ ആയിരത്തി നാനൂറുപേരെ കേരളത്തിലും കൊന്നു. നിങ്ങൾ തന്ന പ്രതിഫലം അതാണ്. ശ്രീമാൻ ആന്റണി സാറിന്റെ കാലത്തും കൊന്നു. ആ കാലത്തു കുറെക്കാലം ആന്റണി സാറും കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നു. ഞങ്ങൾ പ്രകോപിതരാകുന്നതിനല്ല. രാഷ്ട്രീയ പ്രശ്നമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഭാരവാഹികളായിരുന്നുകൊണ്ട് ഇക്കഴിഞ്ഞ അൻപത്തിരണ്ടു വർഷക്കാലം കോൺഗ്രസ്സ് ഐ.യും ബി.ജെ.പി.യും ഭരിച്ച കാലത്ത് ശരാശരി ഒരു വർഷം ഇരുപതിനായിരം കോടി രൂപ കേന്ദ്ര സംസ്ഥാന ഖജനാവുകളിൽനിന്നും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും കോൺഗ്രസ്സിന്റേയും ബി.ജെ.പി.യുടെയും ഒരുകൂട്ടം നേതാക്കൻമാർ ലൂട്ട് ചെയ്തു. ഒരു പൊതു സർവ്വേ എടുക്കുകയാണെങ്കിൽ അൻപത്തിരണ്ടു വർഷക്കാലം നിങ്ങൾ പത്തുലക്ഷം കോടി രൂപ ഈ രാജ്യത്തു ലൂട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് പൊതുമേഖല തകർന്നത് ജീവനക്കാരുടെ കുഴപ്പംകൊണ്ടല്ല. നിങ്ങൾ ലൂട്ട് ചെയ്തതുകൊണ്ടാണ്. ബാങ്കുകളിലെ, പൊതുമേഖലാസ്ഥാപനങ്ങളിലെ കിട്ടാക്കടം അൻപത്താറായിരം കോടി രൂപയാണ്. അതിൽ അൻപത്തിരണ്ടു ശതമാനം സ്വകാര്യമേഖല എടുത്തിരിക്കുകയാണ്. അൻപത്താറായിരം കോടി രൂപയിൽ 43% ഈ രാജ്യത്തെ കുത്തകകളാണ് എടുത്തിരിക്കുന്നത്. മുപ്പതിനായിരം കോടി രൂപ എടുത്തത് തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ബാങ്കുകളുടെ അടിസ്ഥാന സാമ്പത്തികശക്തി ദുർബലപ്പെട്ടപ്പോൾ കുത്തകകൾ പ്രത്യേക പഠന കമ്മിറ്റികൾവച്ച് അവരുടെ ശുപാർശ വാങ്ങി. ഈ പണം തിരിച്ചെടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. മൂന്നു നാലു ബാങ്കുകൾ അങ്ങനെ കുഴപ്പത്തിൽ ആയിരിക്കുന്നു. കുഴപ്പം എന്നുപറഞ്ഞ് അതിനെയെല്ലാ പിരിച്ചുവിടാനും അതിനെയെല്ലാം സ്വകാര്യവും വിദേശപരവുമായിട്ടുള്ള ഓഹരി പങ്കാളിത്തം കൊണ്ടുവന്ന് സർക്കാർ ഷെയർ 51%-ത്തിൽനിന്നും 25%-ത്തിലാക്കാൻ ശ്രമിക്കുമ്പോൾ ആരാച്ചാർ ജഡ്ജിയാകുകയാണ്. പൊതുമേഖലാബാങ്കുകളുടെ പണം പിരിഞ്ഞു കിട്ടാത്തവിധം കൊള്ളയടിക്കപ്പെട്ടു. അതേ കുത്തകകൾതന്നെ ബാങ്കുകളെ de-rationalise

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ പഠന റിപ്പോർട്ട് ഉണ്ടാക്കുന്നു. നിങ്ങൾ അംഗീകരിക്കുന്ന പൊതുമേഖലാബാങ്കുകളുടെ പണം പിരിഞ്ഞുകിട്ടാത്ത തരത്തിൽ കൊള്ളയടിച്ച് മുപ്പതിനായിരംകോടി രൂപ കൈവശംവച്ചിരിക്കുന്ന ഈ രാജ്യത്തിലെ കുത്തകകൾതന്നെ ജഡ്ജിപീഠത്തിൽ കയറിയിരുന്നുകൊണ്ട് എന്നപോലെ ഒരു കമ്മിറ്റിയെവച്ചുകൊണ്ട് ബി.ജെ.പി.ഗവൺമെന്റിനെകൊണ്ട് സമ്മതിപ്പിച്ചുകൊണ്ട് അവരെ പിരിച്ചുവിടാൻ ശ്രമിക്കുന്നത് ഈരാജ്യത്ത് കൊലപാതകികൾതന്നെ ജഡ്ജാകുകയാണ്. കോൺഗ്രസ്സ് ഇതിന് കൂട്ടുനിൽക്കരുത്. പക്ഷേ ബി.ജെ.പി.ക്ക് അവരുടെ പ്രോമിസ് പാലിക്കണം. കഴിഞ്ഞ ലോകസഭാ ഇലക്ഷൻ കാലത്ത് അവർ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ പബ്ലിക് സെക്ടർ ബാങ്കുകളുടെ ഘടനകളാകെ മാറ്റും, ഞങ്ങൾ പൊളിച്ചെഴുതുമെന്നു പറഞ്ഞു. അവരുടെ തെരഞ്ഞെടുപ്പു വാഗ്ദാനം പാലിക്കുന്നതിന് ശ്രീമതി സോണിയാഗാന്ധിക്കും ആന്റണിക്കും കൂട്ടുനിൽക്കേണ്ട ആവശ്യമെന്താണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എം.എസ്.വർമ്മ കമ്മിഷന്റെ നിഗമനങ്ങളെല്ലാം അബദ്ധമാണ്. ജർമ്മൻ മോഡലിലുള്ള-ഗുണ്ടസ് ബാങ്ക് മാതൃകയിൽ റിസർവ് ബാങ്കിന്റെ കൺട്രോളിൽനിന്ന് ബാങ്കുകളെയാകെ മാറ്റി പൊതുമേഖലാബാങ്കുകളെ സ്വതന്ത്രമാക്കി ഈ രാജ്യത്തിലെ ബാങ്കുകളെയൊക്കെ തകർക്കാൻ ശ്രമിക്കുകയാണ്. രണ്ട് നരസിംഹൻമാരുണ്ടായിരുന്നു. നരസിംഹറാവു ഒരു കമ്മിറ്റിയെവച്ച് ആ കമ്മിറ്റിയുടെ റിപ്പോർട്ടു വാങ്ങി ബാങ്കുകളെയൊക്കെ നശിപ്പിച്ച് സ്വകാര്യ മേഖലയെ എത്തിക്കാൻവേണ്ടി ശ്രമിച്ചു. മറ്റൊരു നരസിംഹൻ തന്റെ റിപ്പോർട്ടിലൂടെ കച്ചവടത്തിനും de-nationalisation -ഉം രേഖ ഉണ്ടാക്കി കുത്തകകളെ സഹായിച്ചും പൊതുധനകാര്യ സ്ഥാപനങ്ങളെയും നശിപ്പിക്കാനാണ് പുറപ്പാട്. ഇത് ബി.ജെ.പി.യുടെയോ കോൺഗ്രസ്സിന്റേയോ മാത്രം ഒരു ലോക്കൽ നയമാണെന്ന് ഞാൻ കരുതുന്നില്ല. സാർവ്വ ദേശീയ കുത്തക മുതലാളിത്തത്തിന്റെ നയമാണ്. ആദ്യം സ്വതന്ത്ര മുതലാളിത്തത്തിൽനിന്നും സ്റ്റേറ്റ് ക്യാപ്പിറ്റലിസത്തിലേക്ക് മാറി. ഇപ്പോൾ അവർ വീണ്ടും സ്വതന്ത്ര മുതലാളിത്തത്തിലേയ്ക്ക്, സ്റ്റേറ്റ് ക്യാപിറ്റലിസം നിലനിറുത്തിക്കൊണ്ടാണെങ്കിലും സ്വതന്ത്രമുതലാളിത്തത്തിലേയ്ക്ക് മാറാനുള്ള; ലെയിസിഫെയറിലേക്ക് മാറാനുള്ള ഒരു ശ്രമം സാർവ്വദേശീയമായുണ്ട്. ആ പ്രേതബാധ കോൺഗ്രസ്സ് (ഐ)-യെ ബാധിച്ചിട്ടുണ്ട്. ബി.ജെ.പി. ഉറഞ്ഞുതുള്ളുമ്പോൾ നിങ്ങൾ പൂക്കുലകൊണ്ട് കൂടെ തുള്ളുകയാണ്. പക്ഷേ ബഹുമാനപ്പെട്ട ആന്റണി Introspection Committee റിപ്പോർട്ട് അങ്ങ് ആത്മാർത്ഥമായി എഴുതിയതാണെങ്കിൽ നിങ്ങളുടെ ഈ നയം തെറ്റാണ്. ഈ സഭയിൽ മാത്രമല്ല, ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ, പൊതുമേഖലാബാങ്കുകളെ തകർക്കുന്ന നയത്തെ, ശ്രീമതി ഇന്ദിരാഗാന്ധി കൊണ്ടുവന്നതും നമ്മളെല്ലാവരുംകൂടി സപ്പോർട്ടുചെയ്തതും, ഈ രാജ്യത്ത് ഗുണകരമാണെന്ന് കണ്ടതുമായ ആ നയത്തെ തകർക്കാൻ ശ്രമിക്കാതെ ഒരുമിച്ച് നിന്ന് നമുക്ക് ഇതിനെ എതിർക്കാം, ബാങ്കുകളെ രക്ഷിക്കാമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുമ്പോൾ കേരള സംസ്ഥാനത്തിലെ ജനങ്ങളുടെ വികാരം പ്രതിഫലിക്കുന്നനിലയിൽ സമവായത്തിലൂടെ സംസാരിക്കണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ അദ്ദേഹം ഇവിടെ പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള ബി.ജെ.പി.ഗവൺമെന്റിന്റെ നീക്കങ്ങളെ അപലപിക്കുന്നതിലേറെ ഈ രാജ്യത്തിലെ സ്വകാര്യമേഖലയ്ക്ക് കടിഞ്ഞാ

LIBRARY ARCHIVES Kerala Legislative Assembly

ണിട്ടുകൊണ്ട് രാജ്യത്തിലെ പ്രമുഖമായ ബാങ്കിനെ ദേശസാൽക്കരിച്ച ഇന്ദിരാ ഗാന്ധിയുടെ പാരമ്പര്യമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ അപ കീർത്തിപ്പെടുത്താനാണ് അദ്ദേഹം നിയമസഭാവേദിയെ ഉപയോഗിച്ചതെ ന്നുള്ള കാര്യം എനിക്ക് ദുഃഖത്തോടുകൂടി ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴി യുകയില്ല. ഞാൻ രാഷ്ട്രീയപരമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നതിനുമു മ്പായി ബാങ്കിംഗ് ദേശവൽക്കരണം നമ്മുടെ രാജ്യത്തിലെ സാമ്പത്തികമേഖല യിലുണ്ടാക്കിയിരിക്കുന്ന വലിയ മാറ്റം, വിപ്ലവകരമായ മാറ്റത്തിന്റെ പ്രതിഫ ലനം നമ്മൾ അറിയണമെന്നുള്ളതുകൊണ്ട് ഞാൻ ഒരു കാര്യം ചൂണ്ടിക്കാണി ക്കുകയാണ്. 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി ബാങ്കുകൾ ദേശസാൽക്കരിക്കു മ്പോൾ ഈ രാജ്യത്താകെയുണ്ടായിരുന്ന ബാങ്കുകളുടെ ശാഖ 8262 ആയിരു ന്നു. 8262 ശാഖകളുള്ള ഇൻഡ്യയിലുള്ള 14 ബാങ്കുകൾ ദേശസാൽക്കരിക്കു മ്പോൾ ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും ഒരു കാര്യം വ്യക്തമായി ലക്ഷ്യമിട്ടി രുന്നു. ബാങ്കിന്റെ പ്രയോജനം ഈ രാജ്യത്തിലെ ഏതാനും കുത്തക മുതലാ ളിമാർക്കും മഹാനഗരങ്ങളിലെ സമ്പന്നൻമാർക്കുംമാത്രം പ്രയോജനപ്പെടാത്ത വിധത്തിൽ ദരിദ്ര ജനങ്ങൾക്ക്, ഗ്രാമങ്ങളിൽ ജീവിക്കുന്ന ദരിദ്രജനങ്ങൾക്ക് പ്രയോജനപ്പെടണം എന്നാണ്. ഇന്ന് 66137 ശാഖകൾ ഈ രാജ്യത്തിലെ പൊതുമേഖലാ ബാങ്കുകൾക്കുണ്ട്. ഗ്രാമങ്ങളിൽതന്നെയാണ് 49.81% ശാഖ കളും. എന്നുപറഞ്ഞാൽ 32,918 ശാഖകൾ ഗ്രാമീണ മേഖലയിലാണ്. നഗരങ്ങ ളിൽ 21%-14,178 ശാഖകൾ പ്രവർത്തിക്കുന്നു. മഹാനഗരങ്ങളിലുള്ളത് 13% മാത്രമാണ്-6665. ഇതാണ് ബാങ്കിംഗ് വ്യവസായത്തിലെ വളർച്ചയുടെ നിരക്ക്. 1969-ൽ ബാങ്കുകൾ ദേശസാൽക്കരിക്കുന്ന സമയത്ത് 6938 കോടി രൂപയുടെ പണമിടപാടുകൾ ആണ് ഈ ബാങ്കുകൾ നടത്തിയിരുന്നതെങ്കിൽ 1998-ൽ ഏഴു ലക്ഷത്തി നാൽപതിനായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് കോടി രൂപയുടെ ഇടപാടുകൾ ഈ ബാങ്കുകൾവഴി നടക്കുന്നു. 107 മടങ്ങ് വർദ്ധനവാണ് ഈ രംഗത്തുണ്ടായത്. ഇൻഡ്യയുടെ സാമ്പത്തിക വളർച്ചയുടെ തോതിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. അവരുടെ അഭിപ്രായത്തിൽ ഒരുപക്ഷേ അൽപംകൂടി കൂടുതലായിരിക്കാം. പക്ഷേ ഇൻഡ്യയിലെ സാമ്പത്തികവ ളർച്ചയിൽ ഇൻഡ്യയിലെ ദേശസാൽകൃതബാങ്കുകൾ വഹിച്ചിട്ടുള്ള പങ്ക് നമുക്ക് കാണാതിരിക്കാൻ കഴിയുകയില്ല. ഇൻഡ്യയിലെ സാമ്പത്തിക രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാനുള്ള ബാങ്ക് ദേശസാൽക്കരണമുൽപ്പെടെയുള്ള പരിപാടികളിലേക്ക് രാജ്യത്തെ നയിച്ച ഇന്ദിരാഗാന്ധിയുടേയും കോൺഗ്രസ്സി ന്റേയും മാനസികമായ ചിന്തയും വ്യവഹാരവും കോൺഗ്രസ്സിനെ കുറ്റപ്പെടു ത്താൻ ശ്രമിച്ച ശ്രീ. സുധാകരൻ കണ്ടില്ലെന്ന് ഞാൻ വളരെ വിനയപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. 1950-ൽ നമ്മുടെ രാജ്യത്ത് ഭരണഘടന വിഭാവന ചെയ്യുമ്പോൾ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായി കരുതിയിരുന്നത് സ്വകാര്യ സ്വത്താണ്. ആ സ്വകാര്യ സ്വത്തിന്മേൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുന്നതിന് നമ്മുടെ രാജ്യത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകൾക്കും പാർല മെന്റിനും അധികാരം ഇല്ലെന്ന വാദഗതിയാണ് നമ്മുടെ സുപ്രീംകോടതി യുൾപ്പെടെയുള്ള നീതിന്യായപീഠങ്ങൾ അവലംബിച്ചിരുന്നത്. 1951-ലാണ് ആദ്യമായി ഈ രംഗത്ത് ഒരു ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടന യിൽ 31(എ)(ബി) വകുപ്പുകൾ കൂട്ടി ചേർത്തുകൊണ്ട് പൊതുവായ ആവശ്യ ങ്ങൾക്കുവേണ്ടി, സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള ഏറ്റെടുക്കൽ നടത്താൻ പാർലമെന്റിന് അധികാരമുണ്ടെന്ന് കണ്ടെത്തിയത്. ആ ഭരണഘടനാപരമായ തീരുമാനത്തേയും സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. 1969-ൽ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ച ഇന്ദിരാഗാന്ധി കൊണ്ടുവന്ന വിപ്ലവകരമായ സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഭാഗമായ ബാങ്ക് ദേശസാൽക്കരണവും പ്രിവിപേഴ്സ് നിർത്തലാക്കിയതുമുള്ള രണ്ട് സുപ്രധാനമായ തീരുമാനങ്ങളേയും ഇൻഡ്യയിലെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി അസ്ഥിരപ്പെടുത്തിയപ്പോൾ ഈ കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് അധികാരമില്ലെന്നും അങ്ങനെയുണ്ടാക്കുന്ന ഏത് നിയമനിർമ്മാണവും ഭരണഘടനയ്ക്ക് എതിരായിരിക്കുമെന്നും ultravires ആയിരിക്കുമെന്നും പ്രഖ്യാപിച്ചപ്പോൾ ഇൻഡ്യയുടെ ഭരണഘടനയുടെ ചരിത്രത്തിൽ ആദ്യമായി ഒരു ഓർഡിനൻസിലൂടെ ഭരണഘടന ഭേദഗതി ചെയ്തുകൊണ്ടുവന്ന ഇന്ദിരാഗാന്ധിയേയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനേയും അങ്ങ് കുറ്റപ്പെടുത്തുകയായിരുന്നുവെന്ന് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. 1970-ൽ അങ്ങനെ ഭരണഘടന ഭേദഗതി വന്നു. പാർലമെന്റ് പാസ്സാക്കിയ ആ നിയമത്തേയും ഇന്ന് സുപ്രീംകോടതി അസ്ഥിരപ്പെടുത്തി. 1969-ൽ അങ്ങയുടെ പാർട്ടി ബാങ്ക് ദേശസാൽക്കരണത്തെ അനുകൂലിച്ചുവെന്ന് പറയുമ്പോൾ 1971 മുതൽ 76 വരെ സ്വകാര്യ സ്വത്തിന്റെമേൽ നിയന്ത്രണമേർപ്പെടുത്താനുള്ള പാർലമെന്റ് അധികാരം സ്ഥാപിക്കാൻവേണ്ടി ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും നിരവധി കോടതി കേസ്സുകളിലൂടെ നടത്തിയിട്ടുള്ള ആ പോരാട്ടത്തിൽ അങ്ങയുടെ പാർട്ടി കോൺഗ്രസ്സിനെതിരായും ഇന്ദിരാഗാന്ധിക്കെതിരായും സ്വീകരിച്ചിട്ടുള്ള നിലപാട് ഞാൻ ചൂണ്ടിക്കാണിച്ചാൽ അങ്ങ് പരിഭവിക്കുകയില്ല, തെറ്റ് തിരുത്തുമെന്ന് ഞാൻ കരുതുകയാണ്. 1971 മുതൽ 76 വരെയുള്ള കാലഘട്ടത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ച ഗോലക്നാഥ് കേസ്സ് മുതൽ, കേശവാനന്ദഭാരതി കേസ്സ് മുതൽ മുഴുവൻ കേസ്സുകളിലും സ്വകാര്യ സ്വത്തിന്റെമേൽ നിയന്ത്രണം ഏർപ്പെടുത്താൻ പാർലമെന്റിന് അധികാരമുണ്ടെന്ന വാദം സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടിയാണ് ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും പോരാട്ടം നടത്തിയെന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മെഴ്സിക്കുട്ടി അമ്മയ്ക്ക് അറിയില്ലെങ്കിൽ ബഹുമാനപ്പെട്ട സുധാകരനോട് ചോദിച്ച് മനസ്സിലാക്കണം. ഈ രാജ്യത്ത് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുണ്ടാക്കാൻ കോൺഗ്രസ്സ് നടത്തിയിട്ടുള്ള പോരാട്ടത്തിന്റെ ചരിത്രമാണ് ഞാൻ വളരെ ഹ്രസ്വമായി ചൂണ്ടിക്കാണിച്ചത്. ഇങ്ങനെ ഈ പോരാട്ടത്തിന്റെ ഫലമായി ബാങ്കുകൾ ദേശസാൽക്കരിക്കുന്നതുൾപ്പെടെ പൊതു ആവശ്യത്തിനുവേണ്ടി ഇൻഡ്യൻ സമ്പദ്ഘടനയുടെമേൽ നിയന്ത്രണമേർപ്പെടുത്താൻ ഇൻഡ്യൻ പാർലമെന്റിന് അധികാരമുണ്ടെന്ന് സ്ഥാപിക്കാൻ കോൺഗ്രസ്സിനു കഴിഞ്ഞു. 1975-76 കാലഘട്ടത്തിൽ കേശവാനന്ദഭാരതി കേസ്സിൽ ആ കേസ്സിനോടനുബന്ധിച്ചുള്ള സാഹചര്യത്തിൽ സുപ്രധാനമായ ഭരണഘടനാ ഭേദഗതി വേണ്ടിവന്നു. ആ ഭരണഘടനാ ഭേദഗതി, ബേസിക് സ്ട്രക്ച്ചർ അമന്റു ചെയ്യുന്നതിന് പാർലമെന്റിന് അധികാരമുണ്ടോയെന്നുള്ള ചോദ്യമായിരുന്നു. ആ ചോദ്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ്. സുപ്രധാനമായ 42-ാം ഭരണഘടന ഭേദഗതി ശ്രീമതി ഇന്ദിരാഗാന്ധി കൊണ്ടുവന്നത്. ഈ 42-ാം ഭരണഘടനാ ഭേദഗതിക്കെതിരായി അങ്ങയുടെ പാർട്ടിയും ബി.ജെ.പി.യും ഒരുമിച്ച് പാർലമെന്റിൽ വോട്ടു ചെയ്തുവെന്ന യാഥാർത്ഥ്യം ശ്രീ. സുധാകരൻ മറച്ചുവയ്ക്കുന്നു. പക്ഷെ നിങ്ങൾ അത് മറച്ചു വച്ചാലും ചരിത്ര യാഥാർത്ഥ്യം നിങ്ങൾക്ക് മറച്ചു വയ്ക്കാൻ കഴിയുകയില്ലെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ബാങ്കുകൾ ദേശസാൽക്കരിച്ചതിനുശേഷം ഉണ്ടായ സാഹചര്യത്തിലേയ്ക്ക് ഞാൻ തിരിച്ചുവരികയാണ്. കേന്ദ്രഗവൺമെന്റ് ദേശസാൽക്കരിച്ച ബാങ്കുകളുടെ പ്രവർത്തനത്തിനുവേണ്ടി ഇപ്പോൾ 20446 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവാക്കേണ്ടിയിരിക്കുന്നു. ഈ ദേശസാൽക്കരിച്ച ബാങ്കുകളിൽ മൂന്നു ബാങ്കുകൾ യൂക്കോ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, യുണൈറ്റഡ് ബാങ്ക് എന്നിവ സാമ്പത്തിക തകർച്ചയിലാണ്. ദേശസാൽക്കരണത്തിനുശേഷമുള്ള കാലഘട്ട ത്തിൽ 20446 കോടി രൂപ മുടക്കിയിട്ട് ബാക്കി എല്ലാ ബാങ്കുകളും പുരോഗതി യിലേക്കാണ്. പക്ഷെ ഈ മൂന്നു ബാങ്കുകൾ പൂർണ്ണമായി തകരാറിലാണ്. ആ മൂന്നു ബാങ്കുകളും പുനരുദ്ധരിക്കണമെങ്കിൽ 5000 കോടി രൂപ വീണ്ടും ഗവൺമെന്റ് മുടക്കേണ്ടി വരുമെന്നാണ് വർമ്മ കമ്മിഷന്റെ വിലയിരുത്തൽ. വർമ്മ കമ്മിഷൻ റിപ്പോർട്ടിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നില്ല. പക്ഷെ ഈ ബാങ്കുകൾ എന്ത് ചെയ്യണമെന്ന് നമ്മൾ ആലോചിക്കണ്ടെ. ഈ ബാങ്കുകൾ അടച്ചുപൂട്ടാൻ കഴിയുമോ? അതോ നഷ്ടം തുടർന്നുകൊണ്ടിരിക്ക ണമോ? ഇവിടെ ബഹുമാനപ്പെട്ട സുധാകരൻ ചൂണ്ടിക്കാണിച്ച രണ്ട് കാര്യ ങ്ങൾ ഒന്ന്, അദ്ദേഹം നരസിംഹം കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചു പറഞ്ഞു. മറ്റൊന്ന്, വർമ്മ കമ്മിഷനെക്കുറിച്ചു പറഞ്ഞു. ഞാൻ ഒരു കാര്യം ചൂണ്ടിക്കാ ണിക്കട്ടെ വർമ്മ കമ്മിറ്റിയെയും നരസിംഹ കമ്മിറ്റിയേയും നിയോഗിച്ചത് കോൺഗ്രസ്സ് അല്ല, അങ്ങ് ആരോപിച്ചതുപോലെ ശ്രീ. നരസിംഹറാവു അല്ല. രണ്ടാമത്തെ നരസിംഹം കമ്മിറ്റിയെ നിയോഗിച്ചത് നിങ്ങൾകൂടി പിൻതുണ നൽകിയ ഐക്യമുന്നണി ഗവൺമെന്റാണ്. അന്ന് പ്രധാനമന്ത്രി ശ്രീ. ദേവഗൗ ഡയാണ്. 1994-ലാണ് കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയെ നിയോഗിച്ച പ്പോൾ ശ്രീ. ദേവഗൗഡ പ്രധാനമന്ത്രിയാണ്. നിങ്ങൾ പിൻതുണ നൽകിയ ചിദംബരമാണ് അന്ന് ധനകാര്യമന്ത്രി. ഇവിടെ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സി.പി.ഐ.യിലെ അംഗങ്ങൾ സംസാരിച്ചത് ഞാൻ കേട്ടു. നരസിംഹം കമ്മിറ്റിയെ നിയോഗിച്ചതിന് ആരൊക്കെ സാക്ഷിയാ ണെന്ന് അറിയാമോ? സി.പി.ഐ.യിലെ രണ്ട് മന്ത്രിമാർ ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയും ശ്രീ. ചതുരാനൻമിശ്രയുമാണ്. ദേവഗൗഡാ ഗവൺമെന്റിന്റെ കാല ത്താണ് നരസിംഹം കമ്മിറ്റി റിപ്പോർട്ട്, വർമ്മ കമ്മിറ്റി റിപ്പോർട്ട്, നിങ്ങൾക്ക് അറിയാമോ? 1998 ജൂലായ് മാസത്തിലാണ് ആഡിറ്റ് റീസ്ട്രക്ചറിംഗിനുവേണ്ടി കമ്മിറ്റിയെ വെയ്ക്കുന്നത്. ആ ആഡിറ്റ് റീസ്ട്രക്ചറിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് വർമ്മ കമ്മിറ്റിയെ വയ്ക്കുന്നത്. അന്ന് ആരാണ് ഈ രാജ്യം ഭരിച്ചുകൊണ്ടിരുന്നത്? കോൺഗ്രസ്സാണോ ഈ രാജ്യം ഭരിച്ചുകൊണ്ടി രുന്നത്? നിങ്ങൾ രണ്ടാമതൊരു നരസിംഹനെയും മൂന്നാമതൊരു വർമ്മ യെയും ചൂണ്ടിക്കാണിക്കുന്നു. ഇതെല്ലാം നിങ്ങളുടെ സൃഷ്ടിയാണ്. ഐക്യമു ന്നണിയുടെ കാലത്താണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുക യാണ്. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് പറയു മ്പോൾ ഇൻഷ്വറൻസ് ബില്ലിനെക്കുറിച്ച് അങ്ങ് സംസാരിച്ചു. ഇൻഷ്വറൻസ് ബിൽ പാർലമെന്റിൽ ഇൻട്രോഡ്യൂസ് ചെയ്തത് ആരാണ്? ശ്രീ. മൻമോഹൻസിംഗാണോ? ഇൻഷ്വറൻസ് ബിൽ പാർലമെന്റിൽ അവതരിപ്പിച്ചത് ഐക്യമുന്നണിയുടെ കാലത്ത് ശ്രീ. ചിദംബരമാണ്. നിങ്ങൾ ആ ഗവൺ മെന്റിന് പിൻതുണ നൽകിയവരാണ്. ആ അവതരിപ്പിച്ച ബില്ലിന് യാതൊരു മാറ്റവുമില്ലാതെയാണ് പാസ്സാക്കിയിരിക്കുന്നത്. ഒരു മാറ്റവുമില്ല. ബിൽ അവത രിപ്പിച്ചത് നിങ്ങളാണ്. നിങ്ങൾ ആ ഗവൺമെന്റിന് പിന്തുണ നൽകിയവരാണ്. നിങ്ങൾക്ക് എങ്ങനെ കോൺഗ്രസ്സിനെ കുറ്റപ്പെടുത്താനാകും? ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. ഞാൻ ഡീനാഷണലൈസേഷന് എതിരാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് അടിസ്ഥാന വ്യവസായവും അടിസ്ഥാന സമ്പദ്ഘടനയും പൊതുമേഖലയിൽ കൊണ്ടുവരണമെന്ന് തീരു മാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തത്. ഇന്ദിരാഗാന്ധിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾ ദേശസാൽക്കരിച്ചത്. ഒരു കാര്യം കൂടി പറയട്ടെ ബാങ്കുകൾക്ക് രാജ്യത്തെ സമ്പത്ത് കൊള്ളയടിക്കാനുള്ള സ്വാതന്ത്ര്യമില്ല. രാജ്യത്തെ സമ്പത്ത് കൊള്ളയടിക്കാനുള്ള ഏജൻസികളല്ല ബാങ്കുകൾ. കിട്ടാക്കടം - Non performing assets എന്ന നിലയിൽ ഇപ്പോൾ കിട്ടാനുള്ള വലിയ തുക ദരിദ്രനാരായണൻമാർക്ക് പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ കൊടുത്തതല്ല. ഈ രാജ്യത്തെ സമ്പന്നൻമാർക്ക് കൊടുത്തതാണ്. അത് തിരിച്ചു പിടിക്കണം. അത് തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിക്കണം. നടപടി സ്വീകരിക്കുക മാത്രമല്ല, ബാങ്കിംഗ് രംഗത്ത് പുരോഗതി ഉണ്ടാകണം, മാറ്റങ്ങൾ ഉണ്ടാകണം, അടിസ്ഥാനപരമായ റീസ്ട്രക്ചറിംഗ് ഉണ്ടാകണം. പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയണം. സർവ്വീസ് കൗണ്ടറിൽ പോകുന്ന കസ്റ്റമേഴ്സിന് ഒരു മണിക്കൂറും ഒന്നരമണിക്കൂറും കാത്തുനിൽക്കുന്ന സ്ഥിതിയിൽ മാറ്റമുണ്ടാകണം. ആ മാറ്റത്തിനു വേണ്ടി പരിശ്രമിക്കണം. ഇത് പറയുമ്പോൾ ബാങ്കിലെ ജീവനക്കാരെ മറക്കാതിരിക്കാനുള്ള നല്ല മനസ്സ് ഉണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുമ്പോൾ നമുക്ക് ഒരു കാര്യം തീരുമാനിക്കാം. നമ്മുടെ രാജ്യത്തെ ബാങ്കുകൾക്ക് കടമിനത്തിൽ തിരിച്ചുകിട്ടാനുള്ള കോടിക്കണക്കിന് രൂപ ഈടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പംതന്നെ കടം ഈടാക്കത്തവരെ സാമ്പത്തിക കുറ്റവാളികളായി പ്രഖ്യാപിക്കണം. പാവപ്പെട്ടവൻ 5000 രൂപ വായ്പയെടുത്ത് അത് തിരിച്ചടച്ചില്ലെങ്കിൽ അവന് എന്തെല്ലാം കഷ്ടപ്പാടുകളാണ് സഹിക്കേണ്ടി വരുന്നത്. നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കാൻവേണ്ടി കൂട്ടുനിന്ന ബാങ്കിലെ ഭരണസമിതിയിലുള്ള ആളുകളിൽനിന്നും, ബാങ്കിലെ ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥൻമാരിൽനിന്നും പിഴ ഈടാക്കാനുള്ള നടപടി വേണമെന്നു പറയാനുള്ള ചങ്കൂറ്റംകൂടി നമുക്കുണ്ടാകട്ടെ. രാഷ്ട്രീയ ആരോപണം നടത്തിയാൽ മതിയോ? അവരെ സാമ്പത്തിക കുറ്റവാളികളായി പ്രഖ്യാപിക്കാനും രാജ്യത്തിന്റെ കവർന്നുകൊണ്ടുപോയ സ്വത്ത് തിരിച്ചെടുക്കാനുമുള്ള ശ്രമത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കണം. ഇതിൽ തർക്കത്തിലേയ്ക്കു പോകേണ്ട കാര്യമില്ല. സംയമനത്തിന്റെ ഒരു ഭാഷ സംസാരിക്കാൻ അങ്ങേയ്ക്ക് കഴിയണമായിരുന്നുവെന്നുമാത്രം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാഷ്ട്രീയ ചർച്ചയും വിവാദങ്ങളും ഒഴിവാക്കി നമ്മുടെ രാജ്യത്തെ അടിസ്ഥാന സമ്പദ് മേഖലയായ ബാങ്കിംഗ് മേഖല പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിഭാവനം ചെയ്തതുപോലെ, ശ്രീമതി ഇന്ദിരാഗാന്ധി ആഗ്രഹിച്ചതുപോലെ പാവപ്പെട്ടവന് പ്രയോജനം ലഭിക്കാൻ കഴിയുന്ന രീതിയിൽ ഉടുതുണിക്ക് മറുതുണി ഇല്ലാത്ത ദരിദ്ര നാരായണൻമാർക്ക് പ്രയോജനം ഉണ്ടാക്കുന്ന സർവ്വീസ് മേഖലയാക്കി മാറ്റാൻ രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കാൻ നമുക്ക് കഴിയട്ടെ. അതിന് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് രാജ്യത്തെ കൊള്ളയടിക്കുന്ന സമ്പന്നൻമാർക്കുവേണ്ടി നടത്തുന്ന ഈ ശ്രമത്തെ അവഗണിക്കാൻ അങ്ങയുടെ ഈ പ്രമേയം പ്രയോജനപ്പെടട്ടെയെന്ന് ആശംസിച്ചുകൊള്ളുന്നു. അങ്ങയുടെ ശൈലി തിരുത്താനുള്ള സൻമനസ് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

5.00 pm

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ബഹുമാനപ്പെട്ട സുധാകരൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ അതിനെ അനുകൂലിച്ചുകൊണ്ട് എതിർത്ത് ഒരു പ്രസംഗം ശ്രീ. ഇ.എം. അഗസ്തി നടത്തുകയുണ്ടായി. ശ്രീമതി ഇന്ദിരാഗാന്ധി ബാങ്ക് നാഷണ

LIBRARY ARCHIVES Kerala Legislative Assembly

ലൈസ് ചെയ്തതിനെ അനുകൂലിച്ചവരാണ് ഞങ്ങൾ. അങ്ങനെ ചെയ്ത നിങ്ങൾ ഇന്നിപ്പോൾ എവിടെയാണ് നിൽക്കുന്നത്? ഞങ്ങൾ ഇപ്പോഴും ആ ദേശസാൽക്കരണ നടപടി തുടരണമെന്ന നിലപാടിൽ സി.പി.ഐ.(എം)-ഉം ഭരണകക്ഷിയും നിൽക്കുന്നു, കോൺഗ്രസ്സോ? എവിടെയാണ് നിൽക്കുന്നത്? ശ്രീമതി ഇന്ദിരാഗാന്ധിയെക്കുറിച്ച് വികാരപരമായി പ്രസംഗിച്ച എന്റെ സ്നേഹിതൻ ശ്രീ. അഗസ്തി, ഇന്ദിരാഗാന്ധി കൊണ്ടുവന്ന ആ ദേശസാൽക്കരണ നടപടിയെ എതിർക്കാൻ, സ്വകാര്യവൽക്കരണത്തിലേയ്ക്കു പോകുന്ന ബി.ജെ.പി.യുടെ ആ നിലപാടിനെതിരെ പാർലമെന്റിൽ നിങ്ങളുടെ കക്ഷി-കോൺഗ്രസ്സ്-ഒരു നിലപാട് സ്വീകരിക്കുമോ അതാണ് ഇവിടെ വ്യക്തമാക്കേണ്ടത്. രണ്ടാമത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ പിതാവായിരുന്നല്ലോ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. ജവഹർലാൽ നെഹ്റു ദേശസാൽക്കരിച്ച ഇൻഷ്വറൻസ് കമ്പനി സ്വകാര്യവൽക്കരിക്കാൻ പോയപ്പോൾ ആ സ്വകാര്യവൽക്കരണത്തിന് പിന്തുണ കൊടുത്ത പാർട്ടിയല്ലേ കോൺഗ്രസ്സ് പാർട്ടി, നിങ്ങൾ? ജവഹർലാൽ നെഹ്റുവിനെ വിട്ടോ? നിങ്ങളുടെ പ്രസംഗത്തിന് എന്ത് പ്രസക്തി? സാമ്രാജ്യത്വ ശക്തികളുടെയും ഇൻഡ്യയിൽ കുത്തകകളുടെയും എക്സിക്യൂട്ടീവ് എന്ന നിലയിലാണ് ഇന്ന് ബി.ജെ.പി. ഗവൺമെന്റ് രാജ്യം ഭരിക്കുന്നത്. ഈ നയമുണ്ടാക്കിയത് കോൺഗ്രസ്സാണ്. ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി ശ്രീ. ചിദംബരം ഈ ബിൽ അവതരിപ്പിച്ചു എന്ന്. ബിൽ അവിടെ അവതരിപ്പിക്കാൻ സമ്മതിച്ചില്ല. പാർലമെന്റിൽ അതാണ് സി.പി.ഐ(എം) അടക്കമുള്ള ഭരണപക്ഷങ്ങൾ എടുത്ത നിലപാട്. ഭരണകക്ഷി ആയിരുന്നിട്ടുപോലും അന്നിവിടത്തെ മാദ്ധ്യമങ്ങൾ എഴുതി കൂട്ടിയല്ലോ വലിയ പ്രതിസന്ധി വരാൻ പോകുന്നുവെന്ന്. ആ ഭരണം എത്രനാൾ നിലനിൽക്കുമെന്നോ ഇല്ലയോയെന്നുള്ളതല്ലായിരുന്നു സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം പ്രശ്നം. ഇന്ന് നിങ്ങളെടുത്ത നിലപാട് എന്ത്?

അന്ന് നിങ്ങൾ എടുത്ത സമീപനമെന്താണ്? ശ്രീ. ചിദംബരം കൊണ്ടുവരുന്നതിനെ അനുകൂലിക്കുകയായിരുന്നു അന്ന് നിങ്ങൾ ചെയ്തത്. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം രാജ്യത്ത് സ്വകാര്യവൽക്കരണം കൊണ്ട് ഏറ്റവും കൂടുതൽ ദോഷം സംഭവിക്കുന്നത് സാധാരണ ജനങ്ങൾക്കാണെന്നുള്ളതുകൊണ്ട് സ്വകാര്യവൽക്കരണത്തെ ഞങ്ങൾ എതിർക്കും. ഇപ്പോഴും എതിർക്കും. നിങ്ങൾ ആ എതിർപ്പിന്റെ കൂടെ ചേരുമോ ഇല്ലയോ എന്ന് വ്യക്തമാക്കണം. ആ ഗവൺമെന്റിനെ പിൻതാങ്ങുന്ന ഒരു കക്ഷി ആയിരുന്നിട്ടുപോലും സ്വാഭാവിക പിൻതുണയായിരുന്നു. നിങ്ങൾ എന്താണ് ചെയ്തത്? ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി. മാത്രമാണോ? കോൺഗ്രസ്-ബി.ജെ.പി. കൂട്ടുകക്ഷി ഗവൺമെന്റല്ലേ? നയത്തിന്റെ പ്രശ്നങ്ങൾ നിങ്ങൾ എടുക്കൂ. എൽ.ഐ.സി. യുടെ സ്വകാര്യവൽക്കരണം വന്നപ്പോൾ നിങ്ങൾ നയപരമായി പിൻതുണച്ചില്ലേ? വർഗ്ഗപരമായി നിങ്ങൾ ഒരു വർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നവരാണ്. അത് നിങ്ങൾ പ്രകടിപ്പിച്ചതാണ്. അതുകൊണ്ട് ബി.ജെ.പി. യുടെ ഭരണമെന്നു പറയുന്നത് ഇന്ന് കേന്ദ്രത്തിൽ കോൺഗ്രസ്-ബി.ജെ.പി. കൂട്ടുകക്ഷി ഗവൺമെന്റാണ്. ആരാണ് ഇന്ന് കേന്ദ്രം ഭരിക്കുന്നത്? ശ്രീമാൻ ജസ്വന്ത് സിംഗ് കഴിഞ്ഞ ആഗസ്റ്റ് 29-ന് വാഷിംഗ്ടണിൽ വച്ച് നടത്തിയ ഒരു പ്രസ്താവനയുണ്ട്. മന്ത്രിയായി ചാർജ്ജെടുക്കുന്നതിനു മുൻപ് അദ്ദേഹം പറഞ്ഞു. ഞങ്ങൾക്ക് അധികാരം കിട്ടിയാൽ മൂന്നു ദിവസത്തിനകം ഇൻഷ്വറൻസ് റഗുലേറ്ററി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുമെന്ന് അന്ന് സാമ്രാജ്യത്വ ഏജന്റുമാർക്ക്-അമേരിക്കൻ കുത്തകകൾക്ക് കൊടുത്ത ഗ്യാരന്റിയാണ്. അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ കയറി 48 മണിക്കൂറിനകം ഇൻഷ്വറൻസ് റഗുലേറ്ററി ബിൽ സഭയിൽ അവതരിപ്പിച്ചു. നിങ്ങൾകൂടി കൈപൊക്കി അത് പാസ്സാക്കിക്കൊടുത്തു. ഇതല്ലേ നമ്മുടെ നാട്ടിൽ നടക്കുന്നത്? അവിടെ ദേശസാൽക്കരണം വേണമെന്ന് ഇടതുപക്ഷപാർട്ടികൾ പറയുമ്പോൾ ചില ആളുകൾക്ക് ഒരു വ്യാഖ്യാനമുണ്ട്. ജീവനക്കാരുടേയും തൊഴിലാളികളുടേയുമൊക്കെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ദേശസാൽക്കരണം വേണമെന്ന് പറയുന്നതെന്ന്. അവിടെ തൊഴിലാളികളുടേയും ജീവനക്കാരുടേയും താൽപ്പര്യമല്ല, രാജ്യത്തിന്റെ താൽപ്പര്യമാണ്, ജനങ്ങളുടെ താൽപ്പര്യമാണ്. ജീവനക്കാരും തൊഴിലാളികളും മുന്നോ നാലോ ശതമാനമല്ലേ ദേശവൽക്കൃത സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും പണി എടുക്കുന്നുള്ളൂ. ബാക്കി ഉള്ളവർ സ്വകാര്യമുതലാളിമാരുടെ കീഴിലാണ് പണിയെടുക്കുന്നത്. തൊഴിലാളിക്കറിയാം ഏത് മുതലാളിയുടെ കീഴിൽ പണിയെടുത്താലും അവന് കിട്ടാനുള്ള അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ. അതിന് ആരുടേയും ഓശാരം വേണ്ട. അതുകൊണ്ട് തൊഴിലാളിയുടേയോ ജീവനക്കാരുടേയോ താൽപ്പര്യത്തിനുവേണ്ടിയാണ് ദേശവൽക്കരണത്തിന് ഇടതുപക്ഷപാർട്ടികൾ വാദിക്കുമെന്ന് നിങ്ങൾ ധരിക്കേണ്ട. ദേശവൽക്കരണത്തിന്റെ ഫലമായി രാജ്യത്ത് ഗ്രാമപ്രദേശങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിച്ചു. എത്ര ലക്ഷം ആളുകളാണ് എൽ.ഐ.സി.യിൽ ഏജന്റുമാരായി പണിയെടുക്കുന്നത്? ഗ്രാമപ്രദേശങ്ങളിൽ പോളിസി ഉടമകളായി എത്ര ആൾക്കാരാണ് ചേർന്നിട്ടുള്ളത്? ആ പണം ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളത്തിനും അതുപോലെ ചെറുകിട വ്യവസായങ്ങൾക്കും തൊഴിൽ രഹിതർക്കും വൈദ്യുതി പ്രോജക്ടുകൾക്കും ഒക്കെ വിനിയോഗിക്കുന്നത് ദേശവൽക്കരിച്ചതിന്റെ ഫലമായിട്ടാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി മൂന്നു ബാങ്കുകൾ വർമ്മാ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചു, ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു എന്ന്. ആ ബാങ്കുകളുടെ പണം ആരാണ് എടുത്തത്? അന്വേഷിക്കാൻ നിയോഗിച്ച സി.ഐ.എ.-യിലെ പ്രമാണിമാരാണ് അൻപത്തിഏണ്ണായിരത്തി എണ്ണൂറ് കോടി രൂപ അതിൽനിന്നും എടുത്തുകൊണ്ടു പോയത്. എന്നിട്ട് അവർ എഴുതി ഇത് ലിക്വിഡേറ്റ് ചെയ്യാൻ. ആ ശുപാർശയാണ് വർമ്മ നടപ്പാക്കുന്നത്. നാഷണലൈസ്ഡ് ബാങ്കുകളായിരുന്നിട്ടുപോലും ശ്രീ. പി.വി. നരസിംഹറാവു ഇൻഡ്യാരാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഹർഷദ് മേത്തയുടെ കഥ അറിയുമല്ലോ. ബാങ്കിൽ നിന്ന് 5000 കോടി രൂപ ചൂതു കളിക്കാൻ, ഓഹരി കച്ചവടത്തിന് കമ്പോളത്തിൽ കൊണ്ടുപോയി. അവിടെ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നുപോലും കൊണ്ടുപോകാൻ കഴിഞ്ഞെങ്കിൽ ഈ ബാങ്കുകൾ ആകെ സ്വകാര്യ മുതലാളിമാരുടെ കയ്യിൽ കൊടുത്താൽ ഈ പാവപ്പെട്ട നിക്ഷേപകന്റെ പണം തിരിച്ചു കിട്ടുമെന്നതിന് എന്ത് ഉറപ്പ്? സാധാരണക്കാരന്റെ നിക്ഷേപങ്ങൾ മുഴുവൻ ചൂതുകളിക്കാൻ കൊടുക്കലാണോ? അത് സ്വകാര്യമുതലാളിമാരും വിദേശമുതലാളിമാരും കൊണ്ടുപോയാലോ? ഇൻഡ്യാക്കാരന്റെ പണം, ഇൻഡ്യൻ ജനതയുടെ പണം അവർ കൊണ്ടുപോവുക, എന്നിട്ട് വിദേശത്തു നിന്ന് ആ പണം കടമായി വാങ്ങുക. നമ്മുടെ പണം നമ്മൾ കടം വാങ്ങണം. വിദേശ മുതലാളിമാർക്ക് തട്ടിക്കൊണ്ടു പോകാൻ വിട്ടുകൊടുക്കണം. അതല്ലേ നിങ്ങൾ എടുക്കുന്ന സമീപനം? ഉദ്യോഗസ്ഥൻമാരുടെ പി.എഫ്. ന്റെ പത്തു ശതമാനം ഓഹരി കമ്പോളത്തിൽ ഇറക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ജീവനക്കാരൻ അവന്റെ ആവശ്യത്തിനുവേണ്ടി നിക്ഷേപിച്ചിരിക്കുന്ന 90,000 കോടി രൂപയുടെ 10%, 9000 കോടി രൂപ ചൂതുകളിക്കാൻ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. നിങ്ങൾ അതിനുവേണ്ടി കൈ പൊക്കുമോ? ആ 9000 കോടി രൂപ അവന് കിട്ടാതാവില്ലേ? കഴിഞ്ഞതവണ ശ്രീമാൻ അർജ്ജുൻസിംഗ് മന്ത്രി ആയിരുന്നപ്പോൾ അര ലക്ഷം കോടി രൂപയാണ് ചൂതുകളിയിലേക്ക് - ഓഹരി മാർക്കറ്റിലേക്ക് പാവപ്പെട്ട ജീവനക്കാരന്റെ പെൻഷൻ സംഖ്യയിലും പി.എഫ്. ലും കിടന്നത് എടുത്തുകൊടുത്തത്. ആ ഷെയർ മാർക്കറ്റ് ഉയർത്തി നിർത്താൻ വേണ്ടി 9000 കോടി രൂപ പി.എഫ്.-ൽ നിന്ന് ഈ ഗവൺമെന്റ് എടുത്തുകൊടുക്കാൻ പോവുകയാണ്. ഷെയർ മാർക്കറ്റ് ഉയർത്തിയില്ലെങ്കിൽ വിദേശത്തു നിന്നു കടം കിട്ടില്ലെന്നാണ്, ഇവിടെ നിക്ഷേപം വരില്ലെന്നാണ് പറയുന്നത്. ഈ നിക്ഷേപം കൊണ്ടുവരുന്നത് അവർ ഇവിടത്തെ ഇൻസ്റ്റിറ്റ്യൂഷണൽ ഡെപ്പോസിറ്റായി കൊണ്ടുവരുന്നത് അവന് ഇഷ്ടമുള്ളപ്പോൾ പിൻവലിച്ചു കൊണ്ടുപോകും. പിൻവലിക്കുമ്പോഴോ? നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക മേഖല ആകെ തകരും. അങ്ങനെ തകർന്ന രാജ്യങ്ങളുടെ പട്ടിക നമ്മൾ ഇപ്പോൾ കണ്ടതാണ്. അത് ഇൻഡ്യാരാജ്യത്തും സംഭവിക്കാൻ ഇടയുണ്ടാകും. അതുകൊണ്ടാണ് വിദേശ മുതലാളിമാർക്ക് നമ്മുടെ രാജ്യത്തിന്റെ പണംകൊടുത്തിട്ട് അവനിൽ നിന്നു കടം വാങ്ങുന്ന സമ്പ്രദായം പാടില്ലെന്ന് ഇടതുപക്ഷ പാർട്ടികൾ പറയുന്നത്. നമ്മുടെ നിക്ഷേപത്തിന്റെ ഏറ്റവും വലിയ ശതമാനം ഗ്രാമപ്രദേശങ്ങളിലാണ് പോയിട്ടുള്ളത്. ആ ഗ്രാമപ്രദേശങ്ങളിലെ ഗ്രാമീണ വായ്പകൾ നാഷണലൈസ് ചെയ്യുമ്പോൾ 1.4% ആയിരുന്നത് ഇപ്പോൾ അത് 40%-ന് മുകളിലായി. ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ടവന് അവന്റെ ആവശ്യങ്ങൾക്കുവേണ്ടിയും, കാർഷികമേഖലയിലും, തൊഴിൽ ഇല്ലാത്ത അഭ്യസ്തവിദ്യർക്കും വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിനുമൊക്കെ വായ്പ കൊടുക്കാൻ സാധിച്ചത് ഈ ബാങ്കുകൾ നാഷണലൈസ് ചെയ്യാൻ സാധിച്ചതിന്റെ ഫലമായിട്ടാണ്. ഞാനൊരു വാചകം കൂടി പറഞ്ഞു അവസാനിപ്പിക്കാം. ഇവിടെ നേരത്തെ ചില പ്രസംഗങ്ങൾ നടന്ന കൂട്ടത്തിൽ റിസർവേഷനെ സംബന്ധിച്ച് പറഞ്ഞു. ബാങ്കുകൾ സ്വകാര്യവൽക്കരിച്ചാൽ പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ വിറ്റു തുലച്ചാൽ, സർക്കാർ സർവ്വീസിൽ നിയമന നിരോധനമേർപ്പെടുത്തിയാൽ ആ റിസർവേഷൻ കിട്ടുമോ? ഞങ്ങൾ ബാങ്ക് സ്വകാര്യവൽക്കരിക്കുന്നതിനെ എതിർക്കുന്നു. എന്തുകൊണ്ട്? റിസർവേഷന്റെ ആനുകൂല്യമനുസരിച്ച് ബാങ്കിൽ ഉദ്യോഗം കിട്ടണമെങ്കിൽ ആ ബാങ്ക് പൊതുമേഖലാസ്ഥാപനമായെങ്കിലെ സാധിക്കുകയുള്ളൂ. സ്വകാര്യവൽക്കരിച്ചാൽ സ്വകാര്യമുതലാളിമാരുടെ സ്കൂളുകളിലോ, അവരുടെ വ്യവസായ സ്ഥാപനങ്ങളിലോ, അവരുടെ സ്വകാര്യ സ്ഥാപനങ്ങളിലോ റിസർവേഷനുണ്ടോ? ഇവിടെ റിസർവേഷനു വേണ്ടി വാദിച്ച എന്റെ സ്നേഹിതൻമാരോട് ഞാൻ ചോദിക്കുന്നു. നിങ്ങൾ സ്വകാര്യവൽക്കരണ നയത്തിനെതിരായി, പുതിയ സാമ്പത്തിക നയത്തിനെതിരായി പ്രതികരിക്കാൻ, പ്രതിഷേധിക്കാൻ, എതിർക്കാൻ തയ്യാറുണ്ടോ? ഉദ്യോഗമില്ലാതെ എവിടെയാണ് റിസർവേഷൻ കിട്ടുക? ഉള്ള ഉദ്യോഗം മുഴുവൻ സ്വകാര്യമുതലാളിമാരുടെ മേഖലയിലേക്ക് പോയാൽ ഏതെങ്കിലും പാവപ്പെട്ടവന്, റിസർവേഷൻ കിട്ടേണ്ട സമുദായത്തിലെ ആളുകൾക്ക് ആ റിസർവേഷന്റെ ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടില്ലേ? അതുകൊണ്ട് റിസർവേഷന്റെ ആനുകൂല്യം വേണമെന്ന് വാദിക്കുന്നവർ അടക്കം അത് മേൽത്തട്ടായാലും കൊള്ളാം, കീഴ്തട്ടായാലും കൊള്ളാം, ആ റിസർവേഷന്റെ ആനുകൂല്യം പൊതുമേഖലയിലേ ഉള്ളൂ. സർക്കാർ സർവ്വീസിലേ ഉള്ളൂ. പൊതുമേഖലയേയും സർക്കാർ സർവ്വീസിനേയും സംരക്ഷിച്ചുകൊണ്ടു മാത്രമേ റിസർവേഷനുവേണ്ടി വാദിക്കുന്നതിന് ഫലമുണ്ടാവുകയുള്ളൂ. ഒരു വശത്ത് റിസർവേഷനുവേണ്ടി വാദിക്കുക, മറുവശത്ത് പുതിയ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികനയം. ആഗോള വ്യാപകമായിട്ടുള്ള നയമാണ് അതിൽനിന്നു നമുക്ക് വേറിട്ട് നിൽക്കാൻ സാധിക്കില്ലെന്നു പറഞ്ഞ് അതിനെ അനുകൂലിക്കുന്ന നിലപാടാണ് അപ്പുറത്തിരിക്കുന്ന ആളുകൾ എടുക്കുന്നത്. കഴിഞ്ഞ ദിവസം ഞാനും ശ്രീ ആര്യാടൻ മുഹമ്മദും കൂടി ഒരു വാദപ്രതിവാദം നടന്നു. ഞാൻ ചോദിച്ചു ഈ സാമ്പത്തിക നയത്തെ നിങ്ങൾ എങ്ങനെയാണ് അനുകൂലിക്കുന്നത്? ബാങ്ക് ദേശവൽക്കരണത്തേയും സ്വകാര്യവൽക്കരണത്തേയും എങ്ങനെ അനുകൂലിക്കുന്നു? എൽ.ഐ.സി. യുടെ സ്വകാര്യവൽക്കരണത്തെ എങ്ങനെ അനുകൂലിക്കുന്നു? ശ്രീ ആര്യാടൻ മുഹമ്മദ് പറയുന്നത് ആഗോള വ്യാപകമായി വന്ന മാറ്റത്തിനനുസരണമായുള്ള നിലപാടാണ് ഇപ്പോൾ ഞങ്ങൾ എടുക്കുന്നത് എന്നാണ്. അന്ന് ഞാൻ ചോദിച്ച ഒരു ചോദ്യമുണ്ട്. ശ്രീമതി ഇന്ദിരാഗാന്ധി എടുത്ത നിലപാടിനെ അന്ന് ഞങ്ങൾ അനുകൂലിച്ചു. ഇന്നും അനുകൂലിക്കുന്നു. കോൺഗ്രസ്സ് എവിടെ നിൽക്കുന്നു? അപ്പോഴാണ് അദ്ദേഹം പറഞ്ഞത് ആഗോളവ്യാപകമായി വരുന്ന സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ മാറിയതെന്നാണ്. ആ മാറ്റത്തിലാണോ ശ്രീ. ആര്യാടൻ മുഹമ്മദ് നിൽക്കുന്നത്? അതല്ല ശ്രീ. അഗസ്തി ഇപ്പോൾ ശ്രീ. സുധാകരന്റെ പ്രമേയത്തെ പിന്താങ്ങിയതുപോലെ പിന്താങ്ങിയ അഭിപ്രായത്തിലാണോ നിൽക്കുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. ഈ സഭയിൽ എല്ലാപേരും ഇതിനെ അനുകൂലിക്കുകയാണ്. നമ്മളെല്ലാപേരും ഒരേ വികാരമാണ് പ്രകടിപ്പിക്കുന്നത്. അതിനിടയിൽ പരസ്പരം പാരവയ്ക്കുന്ന സമീപനം ആവശ്യമാണോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. 1969-ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരണനിയമം കൊണ്ടുവന്നപ്പോൾ ഏറ്റവും വലിയ പുരോഗമനപരമായ നടപടിയായിട്ടാണ് അതിനെ വിശേഷിപ്പിക്കപ്പെട്ടത്. ആദ്യമായി സാധാരണക്കാരന് ബാങ്കിലേയ്ക്ക് കടന്നുചെല്ലാനുള്ള അവസരം ലഭിച്ചത് ദേശസാൽക്കരണത്തിനു ശേഷമാണ്. മാത്രവുമല്ല, കാർഷിക മേഖലയിലെ വളർച്ചയ്ക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ബാങ്കുകളുടെ സഹായം ഉപയോഗപ്പെടുത്താൻ കഴിഞ്ഞത് ദേശസാൽക്കരണത്തിനുശേഷമാണ്. ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരിച്ചതിനുശേഷമാണ് ഇന്ത്യയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഉപകാരപ്രദമായ ഒരു വലിയ മുദ്രാവാക്യം മുന്നോട്ടുവച്ചത്, "ഗരീബി ഖഠാവോ". ബാങ്ക് ദേശസാൽക്കരിക്കുമ്പോൾ ഇന്ദിരാഗാന്ധിയുടെ മുൻപിലുണ്ടായിരുന്നത് ഈ രാജ്യത്തിലെ പാവപ്പെട്ടവന്റെ ഉയർച്ച തന്നെയായിരുന്നു, അവന്റെ പട്ടിണി മാറ്റുക തന്നെയായിരുന്നു. ദേശസാൽക്കരണത്തിനുശേഷം 30 വർഷം കഴിഞ്ഞപ്പോൾ ഇപ്പോൾ കേന്ദ്രസർക്കാർ ഈ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻവേണ്ടിയുള്ള നീക്കവുമായി മുന്നോട്ടു വന്നിരിക്കുന്നു. പൊതുമേഖലാ ബാങ്കുകളുടെ കാര്യക്ഷമത ഇല്ലായ്മയും സാമ്പത്തിക തകർച്ചയുമാണ് സ്വകാര്യവൽക്കരണത്തിന് ന്യായീകരണമായി പറയുന്നത്. ഇന്ന് ബാങ്കുകളുടെ സ്ഥിതി പരിതാപകരമാണ്, കാര്യക്ഷമതയെക്കുറിച്ചാണെങ്കിൽ പറയാനുമില്ല. മുൻപ് ദേശസാൽക്കരണം നടത്തുമ്പോൾ ഉദ്ദേശിച്ചിരുന്ന ലക്ഷ്യവും ഇന്ന് ബാങ്കുകൾക്ക് നിറവേറ്റാൻ കഴിയുന്നില്ല. അതിന് ആർക്കും അഭിപ്രായവ്യത്യാസവുമില്ല. നഷ്ടത്തിലായ ബാങ്കുകൾ ഏറെയുണ്ട്. പല ബാങ്കുകൾക്കും കിട്ടാക്കടമായി വലിയ തുകയുമുണ്ട്. ജീവനക്കാരുടെ ആധിക്യവും പ്രശ്നമായിട്ടുണ്ട്. സർക്കാരിന്റെ ബഡ്ജറ്ററി സപ്പോർട്ടുകൊണ്ടു മാത്രമാണ് പൊതുമേഖലകൾ നിലനിൽക്കുന്നത്. കാര്യക്ഷമതയില്ലാതെ, സാമൂഹ്യ ബാദ്ധ്യതകൾ നിർവ്വഹിക്കാൻ കെൽപ്പില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടത്തിലോടുന്ന , ബാങ്കുകളെ, സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന തിനെ ഇനിയും ചുമലിൽ ഏറ്റണമോ എന്ന ചിന്ത സ്വാഭാവികമായും ഉയർന്നു വരാൻ സാദ്ധ്യതയുണ്ട്. കഴിയുന്നതും ഈ പൊല്ലാപ്പ് തലയിൽനിന്നും ഒഴിവാ ക്കുന്നതല്ലേ നല്ലതെന്ന് ഏത് സർക്കാരും ചിന്തിക്കും. നഷ്ടത്തിൽ ഓടുന്ന വ്യവസായങ്ങളെ ഒഴിവാക്കുന്നത് മനസ്സിലാക്കാം. സാമ്പത്തികത്തകർച്ചയെ രാജ്യം അഭിമുഖീകരിക്കുമ്പോൾ അത്തരം ചില നടപടികൾക്ക് മുതിരേണ്ടിവ രും. എന്നാൽ സാമൂഹ്യ പ്രതിബദ്ധത നിർവ്വഹിക്കുന്ന ഇത്തരം സംവിധാന ങ്ങളെ ഗവൺമെന്റിന്റെ ചുമതലയിൽനിന്ന് മാറ്റി നിറുത്തുന്നത് അപകടകരമാ ണ്. ഭൂരിഭാഗം ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെ സ്ഥിതിചെയ്യുന്ന ഒരു രാജ്യത്തിൽ ബാങ്കുകൾക്ക് ഒട്ടേറെ സാമൂഹ്യപ്രതിബദ്ധത നിർവ്വഹിക്കാനുണ്ട്. സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ ബാങ്കുകൾക്ക് പാവപ്പെട്ടവരെ സഹായി ക്കുന്ന കാര്യത്തിൽ ശുഷ്ക്കാന്തിയുണ്ടാകുകയില്ലായെന്ന കാര്യം തീർച്ചയാ ണ്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ബാങ്കുകളുടെ പുനഃസംഘടനയെ ക്കുറിച്ച് റിപ്പോർട്ട് നൽകാൻ വേണ്ടി നിയമിക്കപ്പെട്ട വർമ്മാ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണ് ഇവിടെ ബാങ്കുകൾ സ്വകാര്യവൽക്കരിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ധാരാളം കമ്മിറ്റികൾ ഇവിടെ ബാങ്കുകളെക്കുറിച്ച് പഠിക്കാൻവേണ്ടി ഉണ്ടാക്കിയിരുന്നു. ഗുപ്താ കമ്മിറ്റി, നരസിംഹ ഒന്നാം കമ്മി റ്റിയും രണ്ടാം കമ്മിറ്റിയും, ഖാൻ കമ്മിറ്റി, ഇതിലൊക്കെത്തന്നെ സ്വകാര്യ വൽക്കരണത്തിന് അനുകൂലമായ നയങ്ങളാണ്, സമയക്കുറവുള്ളതുകൊണ്ട് ഞാൻ അതിലെ നിർദ്ദേശങ്ങളെക്കുറിച്ച് പറയുന്നില്ല. ബാങ്കുകളുടെ നഷ്ട ത്തെക്കുറിച്ചാണ് പ്രധാനമായും പറയുന്നത്. നഷ്ടം എങ്ങനെയുണ്ടായി, കിട്ടാക്കടം എങ്ങനെയുണ്ടായി, എന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. Non performing assets എന്ന നല്ല സുന്ദരമായ പേരിട്ട് കിട്ടാക്കടം വർദ്ധിച്ചുവരു ന്നതുകൊണ്ട്. ആ ബാങ്ക് ഒന്നുകിൽ ലാഭത്തിലുള്ള ബാങ്കുകളുമായി ലയിപ്പി ക്കണം, അതല്ലെങ്കിൽ പൂട്ടണമെന്നാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. വർമ്മാക്കമ്മിറ്റി റിപ്പോർട്ടിലൊക്കെ ചെറിയതായി സൂചനയുണ്ട്. ഈയവസരം ഉപയോഗിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മുന്ന് ബാങ്കുകൾ പൂട്ടാൻവേണ്ടി Confederation of Indian Industries ശുപാർശ ചെയ്യുകയുണ്ടായി. ഇതിലെ അംഗങ്ങൾ രാഹുൽ ബജാജും ഭാരത്രാമും ആണ്. അവർ ഈ ബാങ്കുകൾക്ക് നൽകാനുള്ളത് 1000 കോടി രൂപയാണ്. 1000 കോടിരൂപ കുടി ശ്ശികയുള്ളവരാണ് ഈ ബാങ്ക് പൂട്ടണമെന്ന് പറഞ്ഞത്. ബാങ്ക് സ്വാകാര്യ വൽക്കരണത്തിന്റെ പിന്നിൽ ചില ബഹുരാഷ്ട്രശക്തികളുടെ ശക്തമായ ശ്രമ ങ്ങളുണ്ട്. ഇവരുടെ ഉദ്ദേശം ശുദ്ധമല്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, സ്വകാര്യവൽക്കരണമെല്ലാംതന്നെ ഇവിടെ നടപ്പാക്കുന്നതിന്റെ പിന്നിലെ പ്രധാനമായ ചേതോവികാരം മനസ്സിലാക്കണം എന്നാണ്. സാമ്രാജ്യത്വ ശക്തി കളും ബഹുരാഷ്ട്രകുത്തകകളും മുന്നോട്ടുവച്ച ആഗോളവൽക്കരണത്തി ന്റെയും ഉദാരവൽക്കരണത്തിന്റെയും പ്രത്യയ ശാസ്ത്രത്തിന്റെയും സാമ്പ ത്തിക വളർച്ചയുടെയും പുരോഗതിയുടെയും ധീര-നൂതനലോകം കാണിച്ച് വികസ്വരരാജ്യങ്ങളെ ഇവർ ക്ഷണിക്കുന്നത് എങ്ങോട്ടാണെന്ന് നമ്മൾ ചിന്തി ക്കേണ്ടതുണ്ട്. ആരുടെ പുരോഗതിക്കുവേണ്ടിയാണ് ഇവർ ശ്രമിച്ചുകൊണ്ടിരി ക്കുന്നത്? ആരുടെ വികസനമാണ് ഇവർ ലക്ഷ്യമാക്കുന്നത്? സാമ്പത്തിക ഉദാ രവൽക്കരണത്തിന്റെ സിദ്ധാന്തമനുസരിച്ച് വികസനമെന്നത് സമ്പന്നരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കലാണ്. വിപണി ഉപഭോഗവസ്തുക്കളുടെ കോമാളിത്വമാർന്ന സമിതിയാണ്. ഈ വികസന സങ്കൽപ്പമനുസരിച്ച് സാമ്പ ത്തികമായി കുറെ ആളുകൾ ഉയരുക, അമ്പരചുംബികളായ പടുകൂറ്റൻ കെട്ടി

LIBRARY ARCHIVES Kerala Legislative Assembly

ടങ്ങൾ ഉണ്ടാക്കുക, രാജവീഥിയിലൂടെ വിലകൂടിയ ലക്ഷ്വറി കാറുകൾ ഓടിക്കുക, ഇതൊക്കെ വികസനത്തിന്റെ മാനദണ്ഡമായി വരും. അതോടൊപ്പം ഉടുതുണി ഉരിഞ്ഞ് ശരീരപ്രദർശനം നടത്തി നേടുന്ന ലോകസുന്ദരിപ്പട്ടം പുരോഗതിയുടെ മാനദണ്ഡമായി വിലയിരുത്തപ്പെടും. ഇങ്ങനെ ഈ സങ്കൽപ്പമനുസരിച്ച് മുന്നോട്ടു പോയിട്ട് ലോകം എവിടെ നിൽക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കണം. ഐക്യരാഷ്ട്രസഭയുടെ സമിതിയാണ് യു.എൻ.ഡി.പി. യു.എൻ.ഡി.പി. യുടെ റിപ്പോർട്ടിൽ നമ്മുടെ ഉദാരവൽക്കരണത്തിനുശേഷം ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയെക്കുറിച്ച് പറഞ്ഞ നാല് വരികൾ വായിക്കുകയാണ്. ഉദാരവൽക്കരണത്തിന്റെ ഫലമായി ഉണ്ടായ ലോകത്തിന്റെ വളർച്ചയാണ് ഞാൻ ഇവിടെ വായിക്കുന്നത്, അതും യു.എൻ.ഡി.പി. യുടെ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ടിൽ നിന്ന്. ലോകത്തിന്റെ ആകെയുള്ള 600 കോടിയിലധികമുള്ള ജനങ്ങളിൽ രണ്ട് ശതമാനം വരുന്ന ഉന്നതവരുമാനക്കാർ ലോകത്തിന്റെ ആകെ ഉപഭോഗവസ്തുക്കളിൽ 80 ശതമാനം ഉപയോഗിക്കുന്നു. 20 ശതമാനം വരുന്ന ഏറ്റവും താഴെക്കിടയിലുള്ളവർ ആകട്ടെ 1.3 ശതമാനം ഉപഭോഗവസ്തുക്കൾകൊണ്ട് തൃപ്തിയടയുകയാണ്. ഈ ഉയർന്ന വരുമാനക്കാരനാണ് ലോകത്ത് ആകെയുള്ള മത്സ്യ-മാംസഭക്ഷണത്തിന്റെ 40 ശതമാനവും ഉപയോഗിക്കുന്നത്. ആകെയുള്ള ഊർജ്ജത്തിന്റെ 58 ശതമാനവും, ടെലിഫോൺ ലൈനുകളുടെ 70 ശതമാനവും, പത്രമാസികകളുടെ 84 ശതമാനവും, മോട്ടോർ വാഹനങ്ങളുടെ 87 ശതമാനവും ഉപയോഗിക്കുന്നത് സാമ്പത്തികമായി ഉയർച്ചയുള്ളവരാണ്. 20 ശതമാനം വരുന്ന ദരിദ്ര നാരായണൻമാരും 4 ശതമാനം മത്സ്യ-മാംസാഹാരവും, 4 ശതമാനം ഊർജ്ജം, 1.5 ശതമാനം ടെലിഫോൺ ലൈനുകൾ, 1.1 ശതമാനം പത്രമാസികകൾ, 1 ശതമാനം മോട്ടോർ വാഹനങ്ങൾ എന്നിവകൊണ്ടും കഴിയുന്നു. ഇതാണ് നമ്മൾ ഉദാരവൽക്കരണംകൊണ്ട് ലോകത്ത് നേടിയെടുത്തത്. നമ്മൾ ആദ്യമായി ഉദാരവൽക്കരണത്തിനെതിരെ ഒരുമിച്ച് നിന്ന് പോരാടാനാണ് ശ്രമിക്കേണ്ടത്. ലോകത്തെ എല്ലാ രാജ്യങ്ങളും ഇതിന്റെ ആകർഷണീയതയിൽപ്പെട്ടു പോകുകയാണ്. ലോകത്തെ ജനങ്ങളെല്ലാം ഇതിന് എതിരാണ്. നമ്മളും ഇതിനെ എതിർക്കണം. ബാങ്കുകളുടെ സ്വകാര്യവൽക്കരണം എന്നത് ഈ ഉദാരവൽക്കരണത്തിന്റെ ഭാഗങ്ങളിൽ ഒന്നാണ്. അനേകം നടപടികളിൽ ഒന്നാണ്. അതിനെതിരെ നിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത് ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നേരത്തെ ഇവിടെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. സുധാകരൻ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ശ്രീ. അഗസ്തി ഇവിടെ പറഞ്ഞപ്പോൾ ഒരു തിരുത്തിനുവേണ്ടി പറയാം. നരസിംഹം കമ്മിറ്റിക്ക് തുടക്കം കുറിച്ചത് 1991 മുതലാണ്. നരസിംഹം കമ്മിറ്റിയെന്ന് പറയുന്നത് Washington Con. ഉദാരവൽക്കരണം നടക്കുക, ആഗോളവൽക്കരണം നടക്കുക എന്നുപറയും, എല്ലാം ലാഭം, എല്ലാത്തിന്റെയും ലക്ഷ്യം ലാഭമായിരിക്കണം. അങ്ങനെയാണ് 1991-ൽ നരസിംഹം കമ്മിറ്റി വച്ചത്. ആ കമ്മിറ്റിയുടെ ഡീറ്റെയിൽഡ് റിപ്പോർട്ട് എന്റെ കൈയിലുണ്ട്. അതിനുശേഷമാണ് ദേവഗൗഡ ഗവൺമെന്റ് വരുന്നത്. കോൺഗ്രസ്സ് പാർട്ടി എന്ന രീതിയിൽ ഇതിനെ അനുകൂലിച്ചുകൊണ്ടുപറഞ്ഞാൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി ഇരിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്, കോൺഗ്രസ്സ് പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റി ഇതൊക്കെ ചർച്ച ചെയ്യുന്നുണ്ടോ? ശ്രീ. അഗസ്തി വളരെ ശക്തമായി അഭിപ്രായം പറഞ്ഞു. ശ്രീ. വയലാർ രവി ലേഖനങ്ങളും എഴുതി. പാർലമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന ദിവസങ്ങളിൽ ഏഷ്യാനെറ്റ് ഉൾപ്പെടെ പല മീഡിയാകളിലും അദ്ദേഹത്തിന്റെ ഇന്റർവ്യൂ കേൾക്കാൻ ഇടവന്നു. പാർലമെന്റിൽ നിർണ്ണായക സമയം വന്നപ്പോൾ ശ്രീ. വയലാർ രവി സഭയിൽപ്പോലും ഉണ്ടായില്ല. ഭേദഗതി കൊടുത്ത ആൾ മാറി. കോൺഗ്രസ്സ് പാർട്ടി അവസാനം വിപ്പ് കൊടുത്ത് എല്ലാ മെമ്പർമാരെക്കൊണ്ടും വോട്ട് ചെയ്യിപ്പിച്ചു. അങ്ങനെയാണ് ഇൻഷ്വറൻസ് ബിൽ പാസ്സാക്കിയെടുത്തത്. ഇനി ബാങ്ക് സംബന്ധിച്ച് വരുന്ന പുതിയ നിയമനിർമ്മാണം വരുമ്പോഴും കോൺഗ്രസ്സിന്റെ നിലപാട് നിങ്ങൾ ഈ പറയുന്നത് തന്നെയായിരിക്കുമോ? ഞാൻ ബാങ്ക് ദേശസാൽക്കരണത്തെക്കുറിച്ചുള്ള വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 1969-ൽ ശ്രീമതി ഇന്ദിരാഗാന്ധി കൊണ്ടുവന്ന നിയമം അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന സഖാവ് ഭൂപേഷ് ഗുപ്തയും മാർക്സിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ സഖാവ് സുന്ദരയ്യയും ഉൾപ്പെടെ ഇടതുപക്ഷ പാർട്ടികളും ജനസംഘവും സ്വതന്ത്രപാർട്ടികളും ഒഴിച്ച് എല്ലാ പാർട്ടികളും അനുകൂലിച്ചു. അന്നത്തെ ചർച്ചയിൽ മൂപ്പത് കൊല്ലം മുമ്പ് ശ്രീ. വാജ്പേയി നടത്തിയ പ്രസംഗത്തിന്റെ പ്രധാനപ്പെട്ട വാചകങ്ങളിലേയ്ക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധക്ഷണിക്കുകയാണ്. 1969 ജൂലൈ മാസത്തിലെ അദ്ദേഹത്തിന്റെ പ്രസംഗമാണ്. ഇതിനെ എതിർത്തുകൊണ്ട് അദ്ദേഹം അന്നു പറഞ്ഞു, ജനാധിപത്യവിരുദ്ധവും തികച്ചും ജനവിരുദ്ധവുമായ ഒരു നടപടിയാണ് ഈ ബാങ്ക് ദേശവൽക്കരണം. ബാങ്ക് ദേശവൽക്കരണം ഇന്ത്യൻ സമ്പദ്ഘടനയെ മാത്രമല്ല നിക്ഷേപകരുടേയും ബാങ്ക് ജീവനക്കാരുടേയും താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കും. തൻമൂലം സർക്കാരിന്റെ ഈ തീരുമാനം ജനവിരുദ്ധവും ഇത് നടപ്പാക്കാൻ നിശ്ചയിച്ച മാർഗ്ഗം ജനാധിപത്യവിരുദ്ധവുമാണ്. കമ്മ്യൂണിസ്റ്റുകാരുടെ കൈയിലെ ഒരു ഉപകരണമായി പ്രധാനമന്ത്രി മാറിയിരിക്കുന്നു. 30 വർഷം കഴിഞ്ഞ് ഇന്ത്യയുടെ പ്രധാനമന്ത്രിയായി വന്ന വാജ്പേയി ആദ്യം നടത്തിയ പ്രസംഗം എന്താണ്? അദ്ദേഹം പറഞ്ഞു, ബാങ്ക് ദേശവൽക്കരണം അവസാനിപ്പിക്കും. ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കും. പറയുക മാത്രമല്ല, ഒന്നിനുപിറകെ ഒന്നായി ഓരോ നടപടികളും അദ്ദേഹവും അദ്ദേഹത്തിന്റെ മന്ത്രിമാരും എടുത്തു തുടങ്ങി. മുതലാളിമാരുടെ ഒരു മാലാഖയാണ് ഇന്ന് ശ്രീ വാജ്പേയി. ആ വാജ്പേയി ഗവൺമെന്റിനെയാണ് പാർലമെന്റിൽ ഇൻഷ്വറൻസ് ബില്ലിന്റെ കാര്യത്തിൽ കോൺഗ്രസ്സിന്റെ പാർലമെന്റ് മെമ്പർമാർ രണ്ടു കൈയും പൊക്കി സഹായിച്ചതും ആ ബില്ല് പാസ്സാക്കിയെടുത്തതും. എതിർത്തിരുന്നുവെങ്കിൽ ഈ ഇൻഷ്വറൻസ് ബിൽ ഇവിടെ വരുമായിരുന്നോ? ഇത് പാസ്സാക്കിയെടുക്കാൻ കഴിയുമായിരുന്നോ? ഇത് ഇൻഷ്വറൻസിന്റെ, ബാങ്കിന്റെ മാത്രമാണോ? ഇന്ത്യയിലെ പതിനായിരക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്ന പബ്ലിക് സെക്ടർ ലാഭത്തിൽ പ്രവർത്തിക്കുന്നതും ഗവൺമെന്റിലേയ്ക്ക് കോടിക്കണക്കിനു രൂപ ഓരോ വർഷവും നികുതികളായി അടയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ തീരുമാനിക്കുക മാത്രമല്ല, അതിനായി ഒരു കാബിനറ്റ് മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 1969 തൊട്ട് 1999 വരെയുള്ള 30 വർഷക്കാലം എടുത്തു പരിശോധിച്ചാൽ ബാങ്കുകളുടെ ശാഖ കൂടിയതു മാത്രമാണോ? വായ്പ കൊടുക്കുന്നത് ആർക്കാണ്? മുൻഗണനാക്രമത്തിലുള്ള ജനവിഭാഗങ്ങൾക്കല്ലേ വായ്പ കൊടുക്കുന്നത്?

ശ്രീ. ഇ.എം. അഗസ്തി : സർ, നരസിംഹം കമ്മിറ്റിയെ നിയോഗിച്ചത് കോൺഗ്രസ്സ് ഗവൺമെന്റാണെന്ന് ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ പറഞ്ഞു. ഞാൻ തർക്കത്തിനൊന്നും പോകുന്നില്ല. ആ കാര്യത്തെപ്പറ്റി പരാമർശി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോൾ രണ്ട് റിപ്പോർട്ടുകൾ നരസിംഹത്തിന് എതിരായിട്ടുണ്ട്. ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള റിപ്പോർട്ട് ഉണ്ടായത് 1998-ലാണ്. ഞാൻ മാതൃഭൂമിയിലെ ഒരു ലേഖനം അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഞാൻ തർക്കത്തിനൊന്നും പോകുന്നില്ല. 1998-ലെ നരസിംഹം കമ്മിറ്റി നിർദ്ദേശമനുസരിച്ചുള്ള Asset Reconstruction Company സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ 1998 ജൂലൈയിൽ ഇന്ത്യാ ഗവൺമെന്റ് ഒരു ടെക്നിക്കൽ ഗ്രൂപ്പിനെ നിയോഗിച്ചിരുന്നു എന്ന യാഥാർത്ഥ്യം ..... ഞാൻ തർക്കത്തിനില്ല. പക്ഷെ ഞാൻ മനഃപ്പൂർവ്വം കള്ളം പറഞ്ഞു എന്ന് അങ്ങ് ചൂണ്ടിക്കാണിച്ചു. അങ്ങ് കാര്യം അറിയാതെ വാദിച്ചതാണ് എന്നുമാത്രം ഞാൻ പറയുകയാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ഞാൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു എന്നുമാത്രം. എന്തുകൊണ്ടാണ് 27 ബാങ്കുകൾ ദേശവൽക്കരണ ബാങ്കുകളായത്. 3 ബാങ്കുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ആ ബാങ്കുകൾ ഇപ്പോൾ അടച്ചുപൂട്ടുന്നു എന്നുപറഞ്ഞു. 2000 ജീവനക്കാർ ഈ 3 ബാങ്കുകളിലായി നമ്മുടെ സ്റ്റേറ്റിലുണ്ട്; കേരളത്തിലുണ്ട്. 25 ശതമാനം ജീവനക്കാരെ പിരിച്ചുവിടും എന്നു പറഞ്ഞാൽ കേരളത്തിൽ ഈ 3 ബാങ്കുകളുടെ വിവിധ ശാഖകളിലായി 500 പേരെ പിരിച്ചുവിടണം. ഈ 27 ബാങ്കുകളിൽ, ഇന്ന് 3 എന്നു പറയുന്നു. ഈ വർമ്മ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് രണ്ടു ബാങ്കുകളേ ലാഭമുള്ളൂ. സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല, അതുപോലെ വേറൊരു ബാങ്ക്. ഈ രണ്ടു ബാങ്ക് കഴിച്ചാൽ ബാക്കി എല്ലാ ബാങ്കും നഷ്ടത്തിലാണ്. കണക്കുകൾ നോക്കിയാൽ അറിയാം. ഈ ലാഭനഷ്ടക്കണക്കുകൾ എങ്ങനെയാണ് ബാങ്കുകൾ തയ്യാറാക്കുന്നത്? വർമ്മ കമ്മിഷൻ ആരാണ്? ഈ വർമ്മ എന്നു പറയുന്ന വ്യക്തി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർമാൻ ആയിരുന്ന കാലത്ത് അദ്ദേഹത്തിന്റെ സുപ്രധാനമായ പ്രസ്താവന ഉണ്ട്. എന്താണ്? കിട്ടാക്കടങ്ങൾ എഴുതിത്തള്ളണം എന്നു വാദിച്ച മഹാനാണീ വർമ്മ. കിട്ടാക്കടങ്ങൾ എഴുതിത്തള്ളണം എന്നു പറഞ്ഞാൽ ..... ഇവിടെ രണ്ടുമൂന്നു കണക്കുകൾ പറഞ്ഞു. റിസർവ് ബാങ്ക് 45000 കോടി രൂപയുടെ കിട്ടാക്കടം പറയുന്നു. ബാങ്കിംഗ് മേഖലയിലെ ഏറ്റവും സുശക്തമായ സംഘടനയായ AIBEAയുടെ ജനറൽ സെക്രട്ടറി താരകേശ്വർ. ചക്രവർത്തിയുടെ ലേഖനം കാട്ടി ചെയ്തുകൊണ്ട് പറയുകയാണ്. ഏതാണ്ട് 56000 കോടി രൂപ കിട്ടാക്കടം. ഈ 56000 കോടി രൂപ ആരുടേതാണ്? ഹർഷദ്മേത്തയെപ്പോലെ രാജ്യത്തെ വഞ്ചിച്ചവരും ഈ രാജ്യത്തെ ചതിച്ചവരും ഇവിടെ ലാഭത്തിനുവേണ്ടി മാത്രം എല്ലാത്തരത്തിലുള്ള കള്ളത്തരങ്ങളും കൊള്ളയും നടത്തിയ ഇവിടത്തെ മുതലാളിമാരുടേയും കച്ചവടക്കാരുടേയും പണമല്ലേ? അവരുടെ പണം, ബാങ്കിലേയ്ക്ക് തിരിച്ച് അടയ്ക്കേണ്ട പണം, കിട്ടാക്കടമായി എഴുതിത്തള്ളണമെന്ന് ഈ വർമ്മ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ചെയർമാനായിരുന്ന കാലത്ത് ആവർത്തിച്ചു പറഞ്ഞ കാര്യം ഇപ്പോൾ കമ്മിഷന്റെ റിപ്പോർട്ടായി വാജ്പേയിക്ക് എഴുതിക്കൊടുത്തു. കേന്ദ്ര ഗവൺമെന്റിന് എഴുതിക്കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് കിട്ടേണ്ട 40 ശതമാനം, മുൻഗണനാടിസ്ഥാനത്തിൽ പാവപ്പെട്ടവർക്കും ദുർബലർക്കും കാർഷികാവശ്യങ്ങൾക്കും ഈ രാജ്യത്തിന്റെ അടിസ്ഥാന വികസന ആവശ്യങ്ങൾക്കും ചെലവഴിക്കേണ്ട പണം ഈ രാജ്യത്തെ വമ്പൻ മുതലാളിമാർക്ക് കൊടുത്തു. അത് കിട്ടാക്കടമായി എഴുതിത്തള്ളണമെന്ന്. കിട്ടാക്കടങ്ങളുടെ.....നിഷ്ക്രിയ ആസ്തി എന്നാണ് പറയുന്നത്. ഇത് ഒരിക്കലും കിട്ടില്ല. ഇവിടെ കണക്കുകളുണ്ട്. ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ. അതിന് ട്രൈബ്യൂണലിനെ ഇവിടെ രൂപീകരിച്ചിട്ടുണ്ട്. ഈ ട്രൈബ്യൂണലിന്റെ മുമ്പിൽ വരുന്ന ഒരു ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പോലും കേസ്സുകളിൽ തീർപ്പ് കൽപ്പിച്ച് ആ കടം തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ട് ഇപ്പോൾ പൊതുമേഖലാ ബാങ്കുകളൊക്കെ സ്വകാര്യവൽക്കരിക്കും, ഇൻഷ്വറൻസ് മേഖല മുഴുവൻ വിദേശ നിക്ഷേപങ്ങൾക്കായി കൊടുക്കും, പബ്ലിക് സെക്ടർ മുഴുവൻ വിറ്റഴിക്കാം. പോയിപ്പോയി എവിടെയെത്തി? ലാഭം മാത്രം. ഇൻഡ്യയിലെ തൊഴിലാളികൾക്കെതിരായി ശക്തമായ നീക്കമല്ലേ കേന്ദ്രഗവൺമെന്റ് കോൺഗ്രസ്സ് പാർട്ടിയുടെ പിന്തുണയോടുകൂടി ഇപ്പോൾ ആഞ്ഞടിച്ചുകൊണ്ടുവരുന്നത്? വയലാർ രവിയെ ഞാൻ എടുത്തുപറയാം. ഈ കഴിഞ്ഞ നവംബർ 29-ാം തീയതി ഈ നടപടിക്ക് എതിരായി പാർലമെന്റ് മാർച്ചും രാജ്യം മുഴുവൻ പ്രതിഷേധവും അലയടിക്കുമ്പോൾ ചിലയിടങ്ങളിലെങ്കിലും ഐ.എൻ.ടി.യു.സി.യുടെ ഘടകങ്ങൾ ആ പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു. തൃശ്ശൂർ ജില്ലയിൽ പങ്കെടുത്തു. എറണാകുളത്ത് പങ്കെടുത്തു. എല്ലായിടത്തും പങ്കെടുത്തില്ല. തിരുവനന്തപുരത്തും പങ്കെടുത്തു. ചിലർക്ക് എങ്കിലും അതിൽ അഭിപ്രായമുണ്ട്. ആ അഭിപ്രായം ശക്തമായി ഉന്നയിക്കാൻവേണ്ടി പറഞ്ഞതാണ്. തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കണം, കൂലി ചോദിക്കാൻ പാടില്ല, തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടുക, വോളന്ററി റിട്ടയർമെന്റ് സ്കീം കമ്പൽസറി റിട്ടയർമെന്റ് സ്കീം ആക്കുക അങ്ങനെ തൊഴിലാളികളുടെ എണ്ണം കുറച്ചും കൂലി വെട്ടിക്കുറച്ചും വേതനം മരവിപ്പിച്ചും അങ്ങനെ ദീർഘകാല കരാർ ഉണ്ടാക്കേണ്ട മേഖലകളിൽപ്പോലും തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതാക്കാനുള്ള നടപടികൾ ഓരോന്നോരോന്നായി വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞല്ലോ, ഞങ്ങൾ ഒന്നും എതിർത്തില്ല എന്ന്. ശ്രീ. ചിദംബരം ഭരിച്ചപ്പോഴും ഐക്യമുന്നണി ഗവൺമെന്റ് ഭരിച്ചപ്പോഴും ഞങ്ങളുടെ മന്ത്രിമാർ കേന്ദ്ര ഗവൺമെന്റിൽ പങ്കാളിത്തം ഉള്ളവർപോലും ആ നയങ്ങൾക്കെതിരായി രാജ്യത്തെമ്പാടും തൊഴിലാളികളെ അണിനിരത്തി അതിശക്തമായ സമരം നയിച്ചവരാണ്. അതുകൊണ്ട് ആ നയങ്ങൾക്കെതിരെ ആ നയങ്ങൾ തിരുത്താൻവേണ്ടിയുള്ള പോരാട്ടം ശക്തിപ്പെടുത്താൻ തീർച്ചയായും കേരള നിയമസഭ ഒറ്റക്കെട്ടായി ഈ സംസ്ഥാനത്തിന്റെ അഭിപ്രായം, ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെ അഭിപ്രായമായി കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ കഴിയുന്ന വിധത്തിൽ ഈ പ്രമേയം പാസ്സാക്കണം. അതോടൊപ്പം ഇവിടെ പ്രതിപക്ഷ നേതാവിനോട് അഭ്യർത്ഥിക്കുകയാണ്, കോൺഗ്രസ്സ് പാർട്ടി ചർച്ചചെയ്യണം. കോൺഗ്രസ്സ് പാർട്ടി ആത്മാർത്ഥതയോടുകൂടി.....1969-ലെ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സംഭാവനയാണ് ബാങ്ക് ദേശവൽക്കരണം. നിങ്ങളുടെ ഓരോ നേതാക്കൻമാർ ഇൻഷ്വറൻസ് ദേശവൽക്കരിച്ച സമയത്ത് നടത്തിയ പ്രസംഗമെല്ലാം എന്റെ കൈയിലുണ്ട്. അതൊക്കെ വച്ചുകൊണ്ട് പറയുകയാണ്. അതിനോട് ആത്മാർത്ഥത കാണിക്കണമെങ്കിൽ തീർച്ചയായും ഈ നയങ്ങൾക്കെതിരായി ഉള്ള സമരത്തിൽ കോൺഗ്രസ്സും പങ്കെടുക്കണം. എന്നാലേ ബി.ജെ.പി.യുടെ മുതലാളിത്തത്തിലേയ്ക്കുള്ള ഈ കുതിച്ചുപോക്ക് തടയാൻ, അതിനെതിരായ ശക്തമായ പ്രതിഷേധം രാജ്യത്ത് വളർത്തിക്കൊണ്ടുവരാൻ സാധിക്കൂ എന്ന് സൂചിപ്പിച്ചുകൊണ്ട് ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി : സർ, ദേശവൽകൃതബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ പാർട്ടിയുടെ നിലപാട്. ബഹുമാനപ്പെട്ട ജി. സുധാകരൻ ചട്ടം 130 അനുസരിച്ചുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ വാസ്തവത്തിൽ ബാങ്കുകൾ സ്വകാര്യവൽക്കരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻവേണ്ടിയുള്ള നീക്കത്തിന്റെ അടിസ്ഥാന കാരണം എന്താണെന്നോ, അതിന്റെ പ്രതിവിധി എന്താണെന്നോ പറയാൻ വിട്ടുപോയി. വാസ്തവത്തിൽ അത് പറയേണ്ടതായിരുന്നു. നമ്മൾ, നിയമസഭ ഒരു പ്രമേയം ചർച്ച ചെയ്യുമ്പോൾ അതിന്റെ പ്രതിവിധികളെ സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റ് ഇത് ചെയ്യരുത്, കേന്ദ്ര ഗവൺമെന്റ് പിന്തിരിയണം എന്നു പറയുന്നതിനെക്കാൾ അടിസ്ഥാനപരമായ കാരണങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കാൻ നിയമസഭയ്ക്കു കഴിയണം. അത് ബഹുമാനപ്പെട്ട ജി. സുധാകരനിൽനിന്നും ഉണ്ടായില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ അടിസ്ഥാനപരമായ കാരണം എന്നുപറയുന്നത്, ഇൻഡ്യയുൾപ്പെടെ 135 രാജ്യങ്ങൾ ഒപ്പിട്ട ഗാട്ട് കരാറിൽ സർവ്വീസസ് എന്നുപറയുന്നത് ട്രേഡായി പരിഗണിക്കപ്പെട്ടുപോയി. ഫിനാൻഷ്യൽ സർവ്വീസ്, ആ . ഫിനാൻഷ്യൽ സർവ്വീസിനകത്താണ് ബാങ്കിംഗും ഇൻഷ്വറൻസ് കമ്പനികളും എല്ലാം. ഇത് ഗാട്ട് കരാറിലെ Understanding on commitments in Financial Services. I am quoting clause 5. Each member shall grant financial service suppliers ഇത് ഗാട്ട് കരാറിന്റെ കോപ്പിയാണ്, of any other member the right to establish or expand within its territory including through the acquisition of existing enterprises..... ഇതിനകത്ത് വിവിധ വകുപ്പുകളുണ്ട്. എനിക്ക് അത് കാട്ട് ചെയ്യാൻ സമയമില്ല. നാഷണൽ ട്രീറ്റ്മെന്റ് കൊടുക്കണമെന്നു പറയുന്നത്, ഒരു അംഗരാജ്യം മറ്റേതെങ്കിലും ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു സർവ്വീസ് അപ്ലയറെ സംബന്ധിച്ചിടത്തോളം സ്വന്തം രാജ്യത്തുള്ള കമ്പനികൾക്ക് കൊടുക്കുന്ന ട്രീറ്റ്മെന്റു തന്നെ ആ വിദേശ രാജ്യങ്ങൾക്കും കൊടുക്കണമെന്ന് ഇതിനകത്ത് പറയുന്നുണ്ട്. അതുപോലെ വിദേശരാജ്യത്തുള്ള അതിലെ അംഗങ്ങൾ ഏതെങ്കിലും അംഗം ഇൻഡ്യയിലേയ്ക്ക് വരികയാണെങ്കിൽ ഇൻഡ്യയിൽ അവർക്ക് സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് എസ്റ്റാബ്ലിഷ് ചെയ്യാനും എക്സ്പാന്റ് ചെയ്യാനും ഇവിടെയുള്ള ഇൻസ്റ്റിറ്റ്യൂഷനിൽ പങ്ക് ചേരുന്നതിലും അവർക്ക് അവസരം നൽകണമെന്നുള്ളത് ഗാട്ട് കരാറിലെ വ്യവസ്ഥയാണ്. അതിന്റെയടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് കമ്പനികൾ..... അതിൽ 26 ശതമാനം വിദേശിയർക്ക് പങ്കുവച്ചത് വാസ്തവത്തിൽ നാം ഒപ്പിട്ട ഗാട്ട് കരാറിലെ സർവ്വീസസിനെ സംബന്ധിച്ച വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ ഔപചാരികമായ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഇന്ന് അല്ലെങ്കിൽ നാളെ ബാങ്കുകളും സ്വകാര്യവൽക്കരിക്കുവാൻ പോവുകയാണ്. ബാങ്കുകൾ മാത്രമല്ല, ട്രാൻസ്പോർട്ട് സ്വകാര്യവൽക്കരിക്കാൻ പോവുകയാണ്. ഇവിടുത്തെ ട്രാൻസ്പോർട്ടും മാത്രമല്ല ലായേഴ്സ് ഫോംസ്, ഇവിടുത്തെ മീഡിയ എല്ലാം സ്വകാര്യവൽക്കരിക്കുവാൻ പോവുകയാണ്. സ്വകാര്യവൽക്കരണത്തെ സംബന്ധിച്ചിടത്തോളം വിദേശ രാജ്യങ്ങൾക്ക് ഇങ്ങോട്ടുള്ള പ്രവേശനം market access കൊടുക്കുവാൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് പ്രതിവിധി എന്തുവേണം? പ്രതിവിധിയെ സംബന്ധിച്ചിടത്തോളം ഞാൻ എന്റെ substantive motion- നകത്തു പറഞ്ഞിട്ടുണ്ട്. ഞാനൊരു വാചകം വായിക്കട്ടെ. I am quoting Article 21.

Modification of schedules:- a member may modify or withdraw any commitment in its Schedule at any time after 3 years have elapsed from the date on which the commitment entered into force in accordance with the provisions of this Article. 21-ാമത്തെ ആർട്ടിക്കിൾ അനുസരിച്ച് ഒരു അംഗരാജ്യം കരാർ ഒപ്പിട്ട് 3 വർഷം കഴിഞ്ഞാൽ നമുക്ക് ഇതു മോഡിഫൈ ചെയ്യണമെന്നു പറഞ്ഞുകൊണ്ട്. പെറ്റിഷൻ കൊടുക്കുകയും അഫക്ടഡ് മെമ്പേഴ്സിനെ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുകയും അതിനുശേഷം ആർബിട്രേഷന് വിധേയമാക്കുകയും ചെയ്തു കൊണ്ട് നാം ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ തിരുത്തുവാൻ അവസരമുണ്ട്. അതുകൊണ്ട് എനിക്കു തോന്നുന്നത് ഈ നിയമസഭയെ സംബന്ധിച്ചിട ത്തോളം നമ്മൾ പറയേണ്ടത് ഇൻഡ്യ ഉൾപ്പെടെ 135 രാജ്യങ്ങൾ ഒപ്പിട്ടിട്ടുണ്ട് ഗാട്ട് കരാറിലെ സർവീസസ് സംബന്ധിച്ചുള്ള വ്യവസ്ഥ വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ദുഷ്യകരമാകയാൽ, ഇൻഡ്യയെ സംബന്ധിച്ചിട ത്തോളം ദുഷ്യകരമാകയാൽ, സ്വകാര്യവൽക്കരണം നമുക്ക് ദുഷ്യകരമാക യാൽ ഗാട്ട് കരാറിലെ സർവീസസിനെ സംബന്ധിച്ചുള്ള 21-ാമത്തെ ആർട്ടിക്കി ളിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കരാർ മോഡിഫൈ ചെയ്യണം. ദുഷ്യകര മായ വ്യവസ്ഥകൾ മാറ്റണം. നമ്മുടെ കരാർ മോഡിഫൈ ചെയ്തെടുക്കുന്നതി നുവേണ്ടിയുള്ള സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ. ജി. സുധാ കരൻ പറഞ്ഞിരുന്നുവെങ്കിൽ സന്തോഷമാകുമായിരുന്നു. ശ്രീ. സുധാകരൻ, കുരുടൻ ആനയെ കണ്ടതുപോലെ ബാങ്ക് സ്വകാര്യവൽക്കരണം തെറ്റാണ് കേന്ദ്ര ഗവൺമെന്റ് പിൻതിരിയണമെന്നുമാത്രം പറഞ്ഞ് അവസാനിപ്പിച്ചത് ശരിയായില്ല. അതുകൊണ്ട്..... ഗാട്ട് കരാർ 1993-ൽ നിലവിൽ വന്നു. ഇപ്പോൾ മൂന്നുവർഷം കഴിഞ്ഞു. നമ്മൾ മൂവ് ചെയ്യേണ്ടത് We must pressurise the Central Government to move the World Organisation to modify this agreement. അത് നമുക്ക് ഓപ്പൺ ചെയ്യണം. അല്ലാതെ നിയമസഭയിൽ പ്രമേയം പാസ്സാ ക്കിയതുകൊണ്ടുമാത്രം കേന്ദ്ര ഗവൺമെന്റ് പിൻതിരിയുമെന്ന് അർത്ഥമാക്കേ ണ്ടതില്ല. അതൊക്കെ നമ്മുടെ പൊളിറ്റിക്കൽ ഇൻഫ്ളുവൻസ്, അതിനുവേണ്ടി വിനിയോഗിച്ചുകൊണ്ട് ഈ കരാർ ഭേദഗതി ചെയ്യണം. സ്വകാര്യവൽക്കര ണത്തെ തടഞ്ഞാൽ മാത്രമേ നമ്മുടെ രാജ്യത്തിന് പുരോഗതി നേടാൻ സാധി ക്കുകയുള്ളൂ. അതുകൊണ്ട് ശ്രീ. സുധാകരന്റെ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞാൻ യോജിക്കുന്നു. പക്ഷെ എന്റെ substantive motion-ന്റെ ഒറ്റ വാചകം വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ substantive motion ൽ പറഞ്ഞിരിക്കുന്നത് "രാജ്യത്തെ ദേസസാൽകൃത പൊതുമേഖലാ ബാങ്കു കളെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള ഏതൊരു നീക്കവും അപകടകര മായതിനാൽ ഗാട്ട് കരാറിനോട് അനുബന്ധമായി ഇൻഡ്യ ഒപ്പിട്ടിട്ടുള്ള General Agreement on Trade in Services-ലെ ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന കമ്മി റ്റ്മെന്റ് പ്രസ്തുത എഗ്രിമെന്റിലെ 21-ാം ആർട്ടിക്കിളിലെ വ്യവസ്ഥയനുസരിച്ച് ഭേദഗതി ചെയ്യുന്നതിനാവശ്യമായ സത്വരനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം". ഇതാണ് എന്റെ substantive motion. യഥാർത്ഥത്തിൽ ആ നിലപാട് ഏകകണ്ഠമായി ഈ നിയമസഭ അംഗീകരി ക്കുന്നുവെങ്കിൽ തീർച്ചയായും അതൊരു പ്രതിവിധിയാണ്.

<u>ശ്രീ. ആന്റണി രാജു</u> : സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ അവതരി പ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ബാങ്കുകൾ സാധാരണക്കാരന് അപ്രാപ്യമാകുന്ന ജനവിരുദ്ധ പരിഷ്ക്കാരമാണ് പൊതുമേഖലാ ബാങ്കുക ളുടെ സ്വകാര്യവൽക്കരണ നീക്കം. ഈ നീക്കം ബാങ്കുകളെ കയറൂരി വിടാൻ മാത്രമേ സഹായിക്കൂ എന്ന് നമുക്ക് അറിയാം. ഈ പ്രമേയത്തിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട അഗസ്തിയും, ബഹുമാനപ്പെട്ട മാണിയും സംസാരിച്ചപ്പോൾ കോൺഗ്രസ്സിന്റെ പ്രത്യക്ഷമായ കാപട്യവും മാണി സാറിന്റെ പാർട്ടിയുടെ ഇര ട്ടത്താപ്പുനയവും വ്യക്തമായി. 1993-ൽ ഗാട്ട് കരാറിനെ അനുകൂലിച്ച് വോട്ടു ചെയ്യുകയും ഗാട്ട് കരാർ പാസ്സാക്കണമെന്ന് വാദിക്കുകയും ചെയ്ത മാണി സാർ 6 വർഷം കഴിഞ്ഞപ്പോൾ ഗാട്ട് കരാറിലെ വ്യവസ്ഥകൾ മാറ്റണമെന്ന് ബോധോദയമുണ്ടായത് എങ്ങനെയെന്ന് അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഗാട്ട് കരാറിനെ സംബന്ധിച്ചിടത്തോളം അതിന്റെ ദൂഷ്യവശങ്ങളെപ്പറ്റി മുഴുവൻ വിശദീകരിച്ചുകൊണ്ട് ഞാനാണ് കേരളത്തിലാദ്യമായി ഹാന്റൗട്ട് തയ്യാറാക്കി, ഡെൽഹിയിൽ സെമിനാറിനു പോവുകയും, ആ സെമിനാറിൽ പേപ്പർ അവതരിപ്പിക്കുകയും ചെയ്തത്. അത് ഉദ്ഘാടനം ചെയ്തത് മുൻപ്രധാനമന്ത്രി ശ്രീ. ചന്ദ്രശേഖറാണ്. ഞാൻ തയ്യാറാക്കിയ ഹാന്റൗട്ട് ഗാട്ട് കരാറിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച് വിശദീകരിച്ചിരിക്കെ ഞങ്ങൾ ഗാട്ട് കരാറിനെ അനുകൂലിച്ചുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയാണോ?

ശ്രീ. ആന്റണി രാജു : ബഹുമാനപ്പെട്ട മാണി സാറിന്റെ പാർട്ടിയിലെ എം.പി., പി.സി. തോമസ് ഗാട്ട്കരാറിനെ അനുകൂലിച്ചുകൊണ്ട് വോട്ടു ചെയ്തില്ലായെന്ന് ബഹുമാനപ്പെട്ട മാണി സാറിന് നിഷേധിക്കാൻ കഴിയുമോ? അവിടെ അനുകൂലിക്കുകയും ഇപ്പോൾ 6 വർഷത്തിനുശേഷം ബഹുമാനപ്പെട്ട മാണിസാർ ഈ നിലപാട് എടുക്കുകയും ചെയ്യുന്നത് ആ മുന്നണിക്ക് എന്തോ സാരമായ കുഴപ്പം ഉണ്ടെന്നുള്ളതിന്റെ സൂചനയാണ്. കോൺഗ്രസ്സ്(ഐ)യുടെ നേതാവായ ഇന്ദിരാഗാന്ധി 1969-ൽ കൊട്ടും കുരവയുമായി നടത്തിയ ബാങ്ക് ദേശവൽക്കരണത്തിന്റേയും പൊതുമേഖലാ പ്രേമത്തിന്റേയും ശവക്കുഴി തോണ്ടിയത് എന്നാണ്? കോൺഗ്രസ്സിന്റെ തന്നെ ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായി വന്നപ്പോൾ ശ്രീ. മൻമോഹൻസിംഗ് അധികാരത്തിൽ വന്നപ്പോഴാണ് ഈ ബാങ്ക് ദേശവൽകൃത നയത്തിനെതിരെയുള്ള നയവും സമീപനവും കോൺഗ്രസ്സ് പാർട്ടി തുടങ്ങിയത്. ഇന്നിപ്പോൾ ഒരു പുതിയ ബോധോദയമുണ്ടായി. ഇതേ നയമല്ലേ ലൈഫ് ഇൻഷ്വറൻസ് സ്വകാര്യവൽക്കരിക്കുന്നതിൽ സ്വീകരിച്ചത്. നവംബർ 29-ാം തീയതി ലൈഫ് ഇൻഷ്വറൻസ് സ്വകാര്യവൽക്കരിക്കുന്നതിനുള്ള ബിൽ പാസ്സാക്കുന്നതിന് അവിടെ ഒപ്പിടുകയും കേരളത്തിലെ എല്ലാ ജില്ലകളിലും തിരുവനന്തപുരത്ത് ശ്രീ. പാലോട് രവിയും ശ്രീ. തമ്പാനൂർ രവിയും എല്ലാം ലൈഫ് ഇൻഷ്വറൻസ് സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ഘോരഘോരം പ്രസംഗിക്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ കാപട്യമല്ലേ? ജനങ്ങളുടെ മുമ്പിൽ ബില്ലിനെതിരെ പ്രസംഗിക്കുക. പാർലമെന്റിൽ ബില്ലിനെ അനുകൂലിച്ചുകൊണ്ട് വോട്ടുചെയ്യുക. മാണിസാർ ഗാട്ട് കരാറിനെതിരെ 7 പേജുകൾ എഴുതി അയയ്ക്കുക. ശ്രീ. പി.സി. തോമസിനെക്കൊണ്ട് ഗാട്ട് കരാറിനെ അനുകൂലിച്ച് പാർലമെന്റിൽ വോട്ടു ചെയ്യിക്കുക. ഇതല്ലേ നയം? കോൺഗ്രസ്സിന്റേയും മാണി ഗ്രൂപ്പിന്റെയും കാപട്യം ജനങ്ങൾ മനസ്സിലാക്കുന്നതിലുള്ള അസ്വസ്ഥതയാണ് ഇവിടെ പ്രകടിപ്പിക്കുന്നത്. ഇപ്പോൾ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നു. ഇത് ആരെ ബോധ്യപ്പെടുത്താനാണ്? ഗാട്ട് കരാർ ഇന്നുണ്ടായതല്ല. 1993-ൽ പാസ്സാക്കാൻ കൈപൊക്കിക്കൊടുത്തു. ഇൻഷ്വറൻസ് സ്വകാര്യവൽക്കരണം, വോട്ടിന് കൈപൊക്കിയത് ആരാണ്? മാമ്മൻ മത്തായിയുടെ പാർട്ടിയാണ്. അവിടെ കൈപൊക്കുക, ഇവിടെവന്ന് ഗാട്ട് കരാറിനെതിരെ പ്രസംഗിക്കുക, ബാങ്കിംഗ് അടക്കമുള്ള സകല സേവനതുറകളും ലാഭേച്ഛയിൽ അധിഷ്ഠിതമായ വ്യാപാരസംരംഭങ്ങളാക്കി മാറ്റുക എന്ന തനി മുതലാളിത്തത്തിന് തുടക്കം കുറിച്ചത് കോൺഗ്രസ്സിന്റെ പുത്തൻ സാമ്പത്തിക നയമായിരുന്നു. ഇന്ന് ആ സാമ്പത്തികനയത്തിന് കൂട്ടുനിന്ന കോൺഗ്രസ്സ് പാർട്ടി തുടങ്ങിവച്ച നയം ബി.ജെ.പി. തുടരുന്നു എന്നതിൽ കവിഞ്ഞ് എന്താണ് വ്യത്യാസം? നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി പറയുന്നതു പോലെ കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലുള്ള വ്യത്യാസം എന്താണ്? എല്ലാ കാര്യത്തിലും നിങ്ങൾ തുടർന്നുവരുന്ന നയവും സമീപനവും ഒന്നുത

LIBRARY ARCHIVES Kerala Legislative Assembly

ന്നെയാണ്. സ്വകാര്യവൽക്കരണനീക്കം യാഥാർത്ഥ്യമായാൽ നിക്ഷേപത്തിന്റെ വായ്പാനുപാതപ്രശ്നത്തിൽ കേരളത്തിലെ ബാങ്കുകൾ പാലിച്ചുവരുന്നതടക്കമുള്ള അലംഭാവം കൂടുതൽ ധാർഷ്ട്യത്തോടെ തുടരാൻ മാത്രമേ സഹായിക്കൂ. ബാങ്കിംഗ് ശൃംഖല ഇൻഡ്യയിൽ ഏറ്റവും അധികം വ്യാപിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഉയർന്ന ബാങ്കു നിക്ഷേപം കേരളത്തിലുണ്ട്. പക്ഷെ വായ്പാ നിക്ഷേപ അനുപാതത്തിൽ കേരളം ഏറെ പിന്നിലാണ്. തെക്കേ ഇൻഡ്യയിലെ വായ്പാ നിക്ഷേപാനുപാതം 90 ശതമാനമായി നിൽക്കുമ്പോൾ കേരളത്തിലെ 1998 ജൂണിലെ കണക്കനുസരിച്ച് 43 ശതമാനമാണ്. 1996-ൽ 45.7 ശതമാനത്തിൽ നിന്ന് 1998 ആയപ്പോൾ 43 ശതമാനത്തിലേയ്ക്ക് താഴ്ന്നുവന്നിരിക്കുന്നു. ഈ സാഹചര്യത്തിലാണ് കേരളം ഉൾപ്പെടെയുള്ള ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ബ്ലേഡ് കമ്പനികൾ തഴച്ചുവളരുന്ന സാഹചര്യമുള്ളത്. 1994-95-ൽ കേരളത്തിൽ ബ്ലേഡ് കമ്പനികളുടെ എണ്ണം 5,577 ആയിരുന്നുവെങ്കിൽ 1997-98 ആയപ്പോൾ അത് ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. സ്വകാര്യവൽക്കരണത്തിലേയ്ക്കു പോയാൽ ഇത്തരം ബ്ലേഡ് കമ്പനികളെ തഴച്ചു വളർത്താൻ മാത്രമേ ഇത് സഹായിക്കുകയുള്ളൂ: ബാങ്കിംഗ് മേഖലയിലെ പൊളിച്ചെഴുത്ത് സ്വാഗതാർഹമാണ്. പക്ഷെ അതിനുള്ള പ്രതിവിധി സ്വകാര്യവൽക്കരണമല്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ജി. സുധാകരൻ അവതരിപ്പിച്ച ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്നത് ഈ രാജ്യത്തെ ദേശസാൽകൃത പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം രാജ്യത്തിന്റെ സമ്പദ്ഘടനയെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുമെന്നാണ്. ഈ വിഷയം മാത്രമാണ് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുന്നതെന്നു പറഞ്ഞാൽ അതിനോട് യോജിക്കാൻ സാധ്യമല്ല. നമ്മുടെ സംസ്ഥാനത്ത് നാഷണലൈസ് ചെയ്ത 28 ബാങ്കുകളുണ്ട്. ദേശസാൽക്കരണം നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുള്ള ഒരൊറ്റ മൂലിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. എനിക്ക് അതിനോട് യോജിക്കാനും സാധ്യമല്ല. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതകൾ വച്ചു നോക്കുമ്പോൾ ദേശസാൽക്കരണം, അല്ലെങ്കിൽ എല്ലാ സ്ഥാപനങ്ങളും എല്ലാം സംരംഭങ്ങളും പൊതുമേഖലയിൽ കൊണ്ടുവന്നാൽ ഈ രാജ്യത്തിന്റെ സമ്പദ്ഘടനമെച്ചപ്പെടുമെന്നു പറയുന്നതിൽ നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ സാഹചര്യം വച്ചുനോക്കുമ്പോൾ അതിനോട് യോജിക്കാൻ കഴിയില്ല. നാഷണലൈസ് ചെയ്ത ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമുണ്ട്. അതിനോട് യോജിപ്പില്ല: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബി.എ.സി. മീറ്റിംഗിൽ ഈ വിഷയം പറഞ്ഞ അവസരത്തിലും ഞങ്ങൾ പറഞ്ഞു ഞങ്ങൾക്ക് എതിർപ്പില്ല എന്ന്. നാഷണലൈസ് ചെയ്ത ബാങ്കുകൾ വീണ്ടും സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തോട് ഞങ്ങൾ യോജിക്കുന്നില്ല. പക്ഷെ ഈ രാജ്യത്തെ എല്ലാം സംരംഭങ്ങളും പൊതുമേഖലയിൽ മാത്രമായിരിക്കണമെന്നുള്ള നീക്കം ഒരിക്കലും ശരിയല്ല. ഇവിടെ 'ഗാട്ട്' കരാറിനെ സംബന്ധിച്ചും മറ്റുമൊക്കെ ചൂണ്ടിക്കാണിച്ചു. ശ്രീ.ആന്റണി രാജു പറഞ്ഞതുപോലെ 'ഗാട്ട്' കരാറിനുവേണ്ടി ആരും പാർലമെന്റിൽ വോട്ടുചെയ്തില്ല, അവിടെ വോട്ടിംഗ് ഉണ്ടായിട്ടില്ല. അത് വേറെ വിഷയമാണ്. 'ഗാട്ട്' കരാറിനെക്കുറിച്ച് ശ്രീ. ആന്റണി രാജുവിന്റെ നേതാവ് ശ്രീ. പി.ജെ. ജോസഫ് പറഞ്ഞത് ഞങ്ങൾക്കറിയാം. 'ഗാട്ട്' കരാറല്ല ഇവിടെ ചർച്ചാവിഷയം. അത് നമുക്ക് വേറൊരവസരത്തിൽ ചർച്ച ചെയ്യാം. നമ്മുടെ

സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ, ബാങ്കുകളുടെ സ്ഥിതി, നാഷണലൈസ് ചെയ്ത ബാങ്കുകളുടെ സർവ്വീസ് മെച്ചപ്പെട്ടതാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ഇവിടെ ധാരാളം ഷെഡ്യൂൾഡ് ബാങ്കുകളുണ്ട്. നാഷലൈസ് ചെയ്ത ബാങ്കുകൾ ആവിഷ്കരിച്ചിരിക്കുന്ന എല്ലാ പദ്ധതികളും വളരെ വിജയകരമായി, ഫലപ്രദമായി ഇവിടത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ നടത്തുന്നുണ്ട്. സ്വകാര്യ ബാങ്കുകൾ നടത്തുന്നില്ലേ? നാഷണലൈസ് ചെയ്തിരിക്കുന്ന ബാങ്കുകൾ പലതും നഷ്ടത്തിൽ പോകുകയാണ്. അതേ സാഹചര്യം തന്നെ ഇവിടത്തെ ഷെഡ്യൂൾഡ് ബാങ്കുകൾക്കുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ സമ്പത്തിനെ സംബന്ധിച്ച് പറയുമ്പോൾ നേരത്തെയുണ്ടായിരുന്നത് ബാങ്കിംഗ് വ്യവസായമെന്നു പറയുന്നത് ലാഭവും നഷ്ടവും മാത്രം നോക്കുകയാണ്. ഇപ്പോൾ കുറച്ച് സോഷ്യൽ ആസ്പെക്ട്സ് കൂടി വന്നിട്ടുണ്ട്. റിസർവ് ബാങ്കിന്റെ കൺട്രോൾ എല്ലാ സ്ഥലങ്ങളിലുമുണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായല്ലാതെ ഒരു ഷെഡ്യൂൾഡ് ബാങ്കിനും നമ്മുടെ രാജ്യത്ത് പ്രവർത്തിക്കാൻ സാധ്യമല്ല. അതിനപ്പുറത്തേയ്ക്ക് ആർക്കും പോകാൻ സാധ്യമല്ല. റിസർവ് ബാങ്കിന്റെ കൺട്രോൾ നാഷണലൈസ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലും ഒരുപോലുള്ള സാഹചര്യത്തിൽ ഇവിടെ ഇനിയും നിലവിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളെല്ലാംകൂടി നാഷണലൈസ് ചെയ്തുകൊള്ളണമെന്നു പറയുന്നത് ശരിയല്ല. നമ്മുടെ രാജ്യത്ത് ഇപ്പോൾ നാഷണലൈസ് ചെയ്തിരിക്കുന്ന ബാങ്കുകൾ ഡീ-നാഷണലൈസ് ചെയ്യുക എന്നുള്ള പോളിസിയോട് ഞങ്ങൾ യോജിക്കുന്നില്ല. അതേസമയം നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയും, നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യങ്ങളുംവച്ചു നോക്കുമ്പോൾ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായേ പറ്റൂ. സ്വകാര്യ മേഖലയിൽ ഇൻവെസ്റ്റ്മെന്റ് വേണം. അതല്ലാത്ത സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ? അതാണ് ഈ ഗവൺമെന്റിന്റെ ആളുകൾ വിദേശത്തൊക്കെ പോയി ഇവിടെ സ്വകാര്യസ്ഥാപനങ്ങൾ വരാൻ വേണ്ടിയും സ്വകാര്യ ഇൻവെസ്റ്റ്മെന്റുണ്ടാക്കാൻ വേണ്ടിയുമുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ശ്രീ. ജി. സുധാകരന്റെ പ്രസംഗത്തിൽ പറഞ്ഞ ഒരു ഭാഗം വച്ച് ഞാൻ ചോദിക്കുകയാണ്, ഈയൊരു അഭ്യർത്ഥന ഗവൺമെന്റ് പുറപ്പെടുവിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ഗൾഫ് പര്യടനം കഴിഞ്ഞുവന്നശേഷം പറഞ്ഞത്, കൂടുതൽ ഇൻവെസ്റ്റ്മെന്റ് സ്വകാര്യമേഖലയിൽ വേണമെന്നാണ്. എൻ.ആർ.ഐ. ഇൻവെസ്റ്റുമെന്റ് വേണമെന്നാണ്. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് വന്നാൽ, അങ്ങനെ വരുന്ന ഇൻവെസ്റ്റ്മെന്റിന് ആവശ്യമായ പരിരക്ഷ കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. സംസ്ഥാനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്. ഞങ്ങളതു നല്ല നീക്കമായിട്ടാണ് കാണുന്നത്. ഡീ-നാഷലൈസേഷൻ അല്ലെങ്കിൽ നാഷണലൈസേഷനാണ് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ പുരോഗതിക്ക് ഏറ്റവും പ്രധാനപ്പെട്ട സംഗതി. അതൊരു ഒറ്റമൂലിയാണെന്നു ഇവിടെ സൂചിപ്പിച്ചതുകൊണ്ട് പറഞ്ഞതാണ്. ആ സമീപനത്തോട് യോജിക്കാൻ സാധ്യമല്ല. നമ്മുടെ രാജ്യത്തിന്റെ പൊതുവായ സാമ്പത്തിക ഉയർച്ചയും വളർച്ചയും നിലനിറുത്താൻവേണ്ടി നമുക്ക് എന്തു ചെയ്യാൻ സാധിക്കും? യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചിട്ടു കാര്യമില്ല, യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചാൽ നമ്മൾ എങ്ങോട്ടുപോകും? ഇവിടെ ശ്രീ. മൻമോഹൻസിംഗ് കൊണ്ടുവന്ന സാമ്പത്തികനയങ്ങൾ ഈ രാജ്യത്തിന് ഒട്ടേറെ പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. ഒരു സംശയവുമില്ലാത്ത കാര്യമാണ്.....

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഡോ. മൻമോഹൻ സിംഗ് കൊണ്ടുവന്ന സാമ്പത്തികനയം തന്നെയാണ് ശ്രീ. ഗുജ്റാളും ശ്രീ. ഇന്ദ്രജിത് ഗുപ്തയും ശ്രീ. ചിദംബരവും തുടർന്നത്. ശ്രീ. ചിദംബരം അവതരിപ്പിച്ച ബഡ്ജറ്റിൽ 5,000 കോടി രൂപ ഓരോ വർഷവും ഡിസ്ഇൻവെസ്റ്റ് ചെയ്യാനുള്ളതാണ്. അത് ശ്രീ. ഇന്ദ്രജിത് ഗുപ്തയെപ്പോലെയുള്ള ആളുകളൊക്കെയാണ് ക്യാബിനറ്റിൽ പാസ്സാക്കിക്കൊടുത്തത്. ശ്രീ. നരസിംഹറാവു അഞ്ചു കൊല്ലം കൊണ്ട് മൂവായിരത്തിൽപ്പരം കോടി രൂപ മാത്രമാണ് ഡിസ്ഇൻവെസ്റ്റ് ചെയ്തത്. അതേ നയം നടപ്പാക്കിയ മന്ത്രിമാരായിരുന്ന സി.പി.ഐ.ക്കാർക്കാണ് വലിയ വിരോധമെന്നുള്ള കാര്യം മനസ്സിലായോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : സി.പി.ഐ.യുടെ സുഹൃത്തുക്കൾ പരസ്യമായി പ്രസംഗത്തിൽ പറയുന്നെങ്കിലും പ്രവൃത്തിയിൽ അവർ അംഗീകരിച്ചിട്ടുണ്ട്. അനുകൂലിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ശ്രദ്ധയോടെ ഇതെല്ലാം കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം മറുപടി പറയുമ്പോൾ ഇതു പറയുമെന്നു കരുതുന്നു. നമുക്ക് യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങളെ സമീപിക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും സാധിക്കണം. ഈ വിഷയം കഴിഞ്ഞാലുടൻ നമ്മൾ അടുത്തൊരു ബില്ലിലേയ്ക്ക് കടക്കുകയാണ്. ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബില്ലാണ്. അതിനകത്ത് സ്വകാര്യ വ്യക്തികളുടെ ഇൻവെസ്റ്റിനുള്ള പ്രൊവിഷൻ കൊടുത്തിരിക്കുകയാണ്. ഈയൊരു സമീപനമൊക്കെ ചെയ്യുന്ന ആളുകൾ സംസാരത്തിൽ കുറച്ചുകൂടി വിശാലമായ മനഃസ്ഥിതി കാണിക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി.കെ. നാണു</u> : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം എൽ.ഐ.സി.യും ജി.ഐ.സി.യുമാണ്. കോടിക്കണക്കിന് രൂപ കഴിഞ്ഞ കുറേ വർഷങ്ങളായി പൊതു ആവശ്യത്തിനായി ഉപയോഗിക്കാൻ സാധിച്ചു. ആ മേഖലയിൽ സ്വകാര്യ മുതലാളിത്തത്തെ, പ്രത്യേകിച്ച് അന്തർദ്ദേശീയ കോർപ്പറേറ്റുകളെ കടത്തിവിടാൻ ഇൻഡ്യാ ഗവൺമെന്റ് അനുവദിച്ചിരിക്കുന്നു. ദേശസാൽക്കരിച്ച ബാങ്കിംഗ് മേഖലയിൽ കടന്നുവരാൻ വിദേശമുതലാളിത്തമടക്കം തയ്യാറെടുക്കുന്നു. ആ തയ്യാറെടുപ്പിനോട് കോൺഗ്രസ്(ഐ) അടക്കമുള്ള നമ്മുടെ രാജ്യത്തിലെ രാഷ്ട്രീയ കക്ഷികളുടെ സമീപനം എന്താണ്? ബഹുമാനപ്പെട്ട കെ.എം. മാണി ഗാട്ട് കരാറുമായി ബന്ധപ്പെട്ടു സംസാരിച്ചു. അദ്ദേഹം പറഞ്ഞത്, ആറു കൊല്ലം മുമ്പ് ഒപ്പിട്ടതാണ് ഗാട്ടു കരാർ എന്നാണ്. ഇവിടെ ദേശസാൽക്കരിച്ച ബാങ്കുകൾ സ്വകാര്യമൂലധനത്തിനുവേണ്ടി കഴിഞ്ഞ കാലത്തു തുറന്നുകൊടുത്തില്ല എന്നുള്ള അനുഭവമാണുള്ളത്. എൽ.ഐ.സി.യും ജനറൽ ഇൻഷുറൻസും സ്വകാര്യമൂലധനത്തിനായി തുറന്നുകൊടുത്തില്ല. ഏത് അന്തർദ്ദേശീയ സാഹചര്യത്തിലും അവനവന്റെ രാജ്യത്തിന്റെ പൊതുവായ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ് ഒരു ഭരണകൂടത്തിന്റെ ചുമതല. ആ ചുമതല നിർവ്വഹിക്കുന്ന അവസരത്തിൽ ഭൂരിപക്ഷത്തിന്റെ താൽപ്പര്യമാണോ സംരക്ഷിക്കുന്നത് അതോ സമ്പന്നമായ യൂറോപ്പിന്റെയടക്കമുള്ള സാമ്പത്തികമായ കഴിവുള്ളവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ചെറിയ വിഭാഗത്തിന് അനുകൂലമായ സാമ്പത്തിക നയമാണോ സ്വീകരിക്കേണ്ടത്? ഇതാണ് അടിസ്ഥാനപരമായ പ്രശ്നം. ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ താൽപര്യസംരക്ഷണം ആണ് പ്രധാനപ്പെട്ട പ്രശ്നമെങ്കിൽ ഇന്ന് എൽ.ഐ.സി.യുടെയും നാഷണലൈസ്ഡ് ബാങ്കുകളുടെയും സാമ്പത്തികസ്ഥിതി പരി

LIBRARY ARCHIVES Kerala Legislative Assembly

ശോധിച്ചാൽ ആ മേഖല സഹകാര്യമേഖലയിലേയ്ക്ക് മാറുന്നതോടുകൂടി നമ്മുടെ രാജ്യത്തിലെ 80 ശതമാനം വരുന്ന സാധാരണക്കാരായ ആളുകൾക്ക് ഇന്ന് ആ മേഖലയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പരിപൂർണ്ണമായി നിർത്തലാക്കപ്പെടും. നരസിംഹം കമ്മിറ്റി റിപ്പോർട്ട് വന്ന അവസരത്തിൽ തന്നെ ശ്രീ. മൻമോഹൻ സിംഗ് ധനകാര്യമന്ത്രി ആകുകയും ദേശസാൽക്കരിച്ച ബാങ്കിംഗ് മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ചർച്ചചെയ്ത ഘട്ടത്തിൽത്തന്നെ ഗ്രാമീണ മേഖലയിൽ ഇന്ന് ദേശസാൽക്കരിച്ച ബാങ്കുകൾ പണം കടം കൊടുക്കുന്നതിൽ നിയന്ത്രണം വരുത്തുകയും ആ മേഖലയിൽ മുഴുവൻ വ്യാപാര മനഃസ്ഥിതിയോടുകൂടി ഒരു കാലത്ത് ബാങ്കുകൾ സാമൂഹ്യവൽക്കരിക്കുന്ന അവസരത്തിൽ 1967-ലെ കോൺഗ്രസ്സ് തെരഞ്ഞെടുപ്പിനെ നേരിട്ട അവസരത്തിൽ.....

ശ്രീ. കെ. ബാബു : സർ, അങ്ങയെ ഒരു കാര്യം ഓർമ്മിപ്പിക്കാൻവേണ്ടിയാണ് ഞാനിതുപറയുന്നത്. 1969-ൽ ബാങ്ക് നാഷണലൈസേഷൻ ഉണ്ടായപ്പോൾ അതിനെത്തുടർന്ന് കോൺഗ്രസ്സ് സ്പ്ലിറ്റുചെയ്തപ്പോൾ അങ്ങ് ആ നാഷണലൈസേഷനെതിരായി, ഇന്ദിരാഗാന്ധിക്കെതിരായി നിലപാട് സ്വീകരിച്ച ആളല്ലേ?

ശ്രീ. സി.കെ. നാണു : സർ, ഞാൻ മനസ്സിലാക്കുന്നത് ഓരോ രാഷ്ട്രീയ കക്ഷിയും ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത് ആ കക്ഷിയുടെ അഖിലേന്ത്യാ സമ്മേളനം അംഗീകരിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് 1967-ൽ ഇൻഡ്യയിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ എറണാകുളത്ത് ആ സംഘടനയുടെ അഖിലേൻഡ്യാ സമ്മേളനം ചേർന്ന് ഒരു സാമ്പത്തിക പ്രമേയം അംഗീകരിച്ചു. ആ സാമ്പത്തിക പ്രമേയം മൊറാർജി ദേശായി അല്ല അവതരിപ്പിച്ചത്, പ്രഗൽഭരായ നേതാക്കൻമാർ അവതരിപ്പിച്ച, പങ്കെടുത്ത ആ സമ്മേളനം അംഗീകരിച്ചത് ബാങ്കുകൾ സാമൂഹ്യവൽക്കരിക്കണമെന്നുള്ളതാണ്. ശ്രീ. വയലാർ രവി, ശ്രീ. എ.കെ. ആന്റണി തുടങ്ങിയ ഇൻഡ്യയിലെ സകല കോൺഗ്രസ്സ് നേതാക്കളും പങ്കെടുത്ത കോൺഗ്രസ്സിന്റെ ആ സമ്പൂർണ്ണ സമ്മേളനം സാമൂഹ്യവൽക്കരണമാണ് അംഗീകരിച്ചത്. കോൺഗ്രസ്സിന് വലിയ ഭൂരിപക്ഷം ലഭിച്ചില്ലായെങ്കിലും അവർ അധികാരത്തിൽ വന്നു. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മൊറാർജി ദേശായി മാന്യമായ രൂപത്തിൽ അദ്ദേഹത്തെ പാർട്ടി ഏൽപ്പിച്ച ചുമതല നിർവ്വഹിക്കാൻ സന്നദ്ധനായി. രാഷ്ട്രീയ പ്രശ്നങ്ങളുണ്ടാകും. മിസിസ് ഗാന്ധി അതിനുശേഷം കോൺഗ്രസ്സിനെ പിളർത്തി, അതിനെത്തുടർന്ന് പ്രസിഡന്റ് തെരഞ്ഞെടുപ്പും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ടായി. അതുകൊണ്ട് ആ സംഘടനയെടുത്ത സംഘടനാപരമായ തീരുമാനം മൊറാർജി ദേശായി വളരെ വ്യക്തമായി അന്നു പറഞ്ഞു, കോൺഗ്രസ്സ് സംഘടന അതിന്റെ ദേശീയ സമ്മേളനത്തിൽ ബാങ്കുകൾ ദേശസാൽക്കരിക്കാനാണ് തീരുമാനിച്ചതെങ്കിൽ ഞാൻ ആ ബാങ്കുകൾ ദേശസാൽക്കരിക്കുമെന്ന്. ജനാധിപത്യ പ്രസ്ഥാനമെന്നുള്ള നിലയ്ക്ക് വ്യക്തിപരമായ അഭിപ്രായങ്ങളെക്കാളും പാർട്ടി എന്തു തീരുമാനമെടുക്കുന്നോ ആ തീരുമാനത്തിന്റെ കൂടെ 100% നിന്ന, ഒരുപക്ഷേ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കാളും 100% നിന്ന നേതാവായിരിക്കും മൊറാർജി ദേശായി. അതുസംബന്ധിച്ച് ചർച്ച ചെയ്യാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഇവിടുത്തെ പ്രശ്നം അപ്പുറത്തിരിക്കുന്ന പലരും ഈ രാജ്യത്തെ ജനങ്ങളെ ആവേശം കൊള്ളിച്ചത് ദേശസാൽക്കരണത്തിന്റെ പേരു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞായിരുന്നു. ശ്രീ. ജി. സുധാകരൻ ഇവിടെ നിങ്ങളോടു ചോദിച്ചു, 1969-ൽ ഇവിടുത്തെ കമ്മ്യൂണിസ്റ്റു പാർട്ടിക്കാരുടെ അടക്കം പിന്തുണ വാങ്ങിക്കൊണ്ട് കോൺഗ്രസ്സ് ബാങ്ക് ദേശസാൽക്കരിച്ചു. നിങ്ങൾ ബാങ്ക് ദേശസാൽക്കരണത്തിന്റെ കൂടെ അന്ന് നിന്നത് ആ ബാങ്ക് ദേശസാൽക്കരണം കൊണ്ട് നമ്മുടെ നാട്ടിലെ പാവപ്പെട്ടവന് ഗുണം ലഭിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരുന്നോ? എങ്കിൽ ഇന്ന് ആ ബാങ്ക് ദേശസാൽക്കരണത്തെ തകർക്കാനുള്ള സാർവ്വദേശീയ മുതലാളിത്തത്തിന്റെ ഗൂഢാലോചനയിൽ നിങ്ങൾ ഏതു ഭാഗത്താണ്? 30 വർഷങ്ങൾക്കുമുമ്പുള്ള ഇൻഡ്യയിലെ രാഷ്ട്രീയ രംഗമാണോ ഇന്ന്? ശ്രീ. കെ.എം. മാണി കൊണ്ടുവന്ന, നിങ്ങളിൽ പലരേയും രക്ഷിക്കാനുള്ള ആ നാലുവരികളുടെ പിന്നിൽ അഭയം തേടാനാണോ നിങ്ങളുടെ ശ്രമം? ഇന്നത്തെ ഈ നിയമസഭയിൽ നിങ്ങൾ എന്തു തീരുമാനമെടുക്കുന്നു എന്നുള്ളതല്ല, നാളെ ഇൻഡ്യയിലെ പാർലമെന്റിൽ വാജ്പേയി ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. യശ്വന്ത് സിൻഹയും ബാങ്കുകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കുമ്പോൾ ശ്രീ. എ.കെ. ആന്റണിയുടേയും ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും കക്ഷി ഏതിനനുകൂലമായി കൈപൊക്കും? അതാണ് നാളെ ഈ രാജ്യം കാണാൻ പോകുന്നത്.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ബാങ്ക് ദേശസാൽക്കരിച്ചു എന്നുപറയുന്നതുതന്നെ ശാസ്ത്രീയമായി ശരിയാണോ? പരിശോധിക്കണം. ദേശസാൽക്കരണമല്ല യഥാർത്ഥത്തിൽ സംഭവിച്ചത്, സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ടുവരികയാണ് ചെയ്തത്. സാമൂഹ്യ നിയന്ത്രണവും ദേശസാൽക്കരണവും ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. എങ്കിലും നമ്മൾ ആ പ്രക്രിയയെ ദേശസാൽക്കരണമെന്ന് വിവക്ഷിച്ചുപോന്നു.

ആയിക്കോട്ടെ, നമ്മുടെ രാജ്യത്തെ 'ഗരീബി ഹട്ടാവോ' എന്ന മുദ്രാവാക്യത്തിന് പ്രസക്തിയേറിവന്ന കാലമാണ്, ആ ഘട്ടത്തിൽ അത് പ്രയോജനകരമായിരുന്നു. അതുകൊണ്ട് നമ്മളതിനെ അംഗീകരിച്ചു. ഇവിടെ അതല്ല പ്രശ്നം, നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്നതിന് വളരെ ഗുരുതരമായ സ്ഥിതിവിശേഷം കഴിഞ്ഞ നാലഞ്ചുവർഷമായി നിലനിൽക്കുന്നു. ശ്രീ. നരസിംഹറാവുവിന്റെ കാലംമുതൽ അത് പ്രായോഗികമായി തെളിഞ്ഞുവന്നിരിക്കുന്നു. എന്നാൽ അതിനുള്ളിൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയനയസമീപനങ്ങളിൽ കാതലായ മാറ്റം വന്നിട്ടുണ്ട്. സമ്മിശ്ര സമ്പദ്ഘടന അംഗീകരിച്ച കോൺഗ്രസ്സിന്റെ നയത്തിൽനിന്നും മാറി, ഇന്ദിരാഗാന്ധിയുടെ നയത്തിൽനിന്നും മാറി അവസാനകാലമായപ്പോഴേയ്ക്കും നരസിംഹറാവുവിന്റെ കാലഘട്ടത്തിൽ സംഭവിച്ചത് - അന്ന് തുടങ്ങിവച്ചിട്ടുള്ള സാമ്പത്തികനയങ്ങൾ മാറ്റി 100%-വും സ്വകാര്യവൽക്കരണത്തിലേയ്ക്ക് പോകുക എന്ന അത്യന്തം ഗുരുതരമായ സാമ്പത്തിക സ്ഥിതിവിശേഷം ആ നയത്തിൽ അന്തർലീനമാണ്. അതിനെതിരായി വരുന്ന ഓരോ ചെറിയ നടപടികളേയും പോരാടാൻ വേണ്ടിയുള്ള നടപടികൾ, ജനാധിപത്യ പ്രസ്ഥാനങ്ങളും ഈ രാജ്യത്തോടു താൽപ്പര്യമുള്ള ആളുകളും ഒരുമിച്ചുനിന്ന് എതിർക്കേണ്ടതാണ്. ആ അടിസ്ഥാനത്തിൽ ശ്രീ. നരസിംഹറാവു കൊണ്ടുവന്നിട്ടുള്ള നിയമനടപടികളെ സംബന്ധിച്ച്, സാമ്പത്തികനയങ്ങളെ സംബന്ധിച്ച് എക്കാലവും എതിർത്തിട്ടുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളും മറ്റു ജനാധിപത്യവാദികളുമൊക്കെ നമ്മുടെ രാജ്യത്തുണ്ട്. എന്നാലിപ്പോൾ പ്രകടമായി തെളിഞ്ഞുവരുന്ന ആപത്ഘട്ടങ്ങളിൽപ്പോലും ചില പ്രസ്ഥാനങ്ങളുടെ ഇരട്ട

LIBRARY ARCHIVES Kerala Legislative Assembly

ത്താപ്പുനയം ഇവിടെ വ്യക്തമാകുന്നു. ഈ നയങ്ങൾ കൊണ്ടുവന്ന് നടപ്പാക്കാനായി തുടക്കമിട്ടത് കോൺഗ്രസ്സാണ്. അത് അതിശക്തിയായി പ്രായോഗികമായി ജനങ്ങൾക്ക് കൂടുതൽ ആഘാതമേൽപ്പിച്ചുകൊണ്ട് നിർല്ലജ്ജം നടപ്പാക്കുന്ന ബി.ജെ.പി. ഗവൺമെന്റ് പാർലമെന്റിൽ ഇപ്പോഴും അത് നടപ്പാക്കുമ്പോൾ ആ നടപടിയെ ശക്തിയായി എതിർക്കുന്നതിന് ലജ്ജയില്ലാത്ത സ്ഥിതി എൽ.ഐ.സി.യുടെ കാര്യത്തിൽ നമ്മൾ കണ്ടു. അതിന്റെ ഭാഗമാണിതും. ദേശസാൽകൃത ബാങ്കുകളെന്ന് വിവക്ഷിക്കപ്പെടുന്ന സാമൂഹ്യ നിയന്ത്രണത്തിൽ വന്നിട്ടുള്ള ബാങ്കുകൾ വീണ്ടും സ്വകാര്യവൽക്കരിച്ചു പോകുമ്പോഴുണ്ടാകുന്ന വിപത്തിനെ കാണാതെ അല്ലെങ്കിൽ ബോധപൂർവ്വം കണ്ണടച്ചുകൊണ്ട് ആ ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ നയത്തിന് പ്രേരണ ചെലുത്തിയിട്ടുള്ള കോൺഗ്രസ്സിന്റെ ആളുകൾ പാർലമെന്റിൽ എന്തു നിലപാട് എൽ.ഐ.സി.യുടെ കാര്യത്തിലെടുത്തുവോ അതുപോലെതന്നെയാണ് ഇതിലും വരുന്നത്. അതുകൊണ്ട് ചില പ്രസ്ഥാനങ്ങളെ സംബന്ധിച്ച് ഈ രാജ്യത്തെ ജനങ്ങളോടുള്ള അവരുടെ താൽപ്പര്യങ്ങളുടെ ഇരട്ടത്താപ്പു നയം തുറന്നുകാണിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് എക്കാലവും പുരോഗമനാശയങ്ങൾക്കും ജനാധിപത്യത്തിനുംവേണ്ടി നിലകൊണ്ടിട്ടുള്ള നമ്മുടെ നിയമസഭയുടെ പാരമ്പര്യം ഈ കാര്യത്തിലും ഉയർന്ന് ഒറ്റക്കെട്ടായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയണം. ആ അടിസ്ഥാനത്തിൽ തീർച്ചയായും ആ നടപടികളിൽനിന്നും കേന്ദ്ര ഗവൺമെന്റിനെ പിന്തിരിപ്പിരിക്കുവാനാവശ്യമായ അതിശക്തമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ശ്രീ. കെ.എം. മാണിക്ക് ഈ പ്രമേയം തന്നെ മാറ്റണമെന്നുണ്ട്, അതിനാണിപ്പോൾ ഈ ഗാട്ടുമായി വന്നിരിക്കുന്നത്. കേന്ദ്രത്തിൽ ഒരു മന്ത്രിയാകണമെന്ന് ശ്രമിച്ചു, അത് പൊളിഞ്ഞു. ഇപ്പോൾ കേന്ദ്രത്തിന് എതിരായി പ്രമേയം പാസ്സാക്കാൻ പാടില്ലെന്നുള്ള നിലയിലാണ് ശ്രീ. കെ.എം. മാണി നിൽക്കുന്നത്. അതിനാണ് ഗാട്ടുമായി ഇപ്പോൾ വന്നത്. ശ്രീ. കെ.എം. മാണിയുടെ സൂത്രമൊന്നും ഇവിടെ വേണ്ട, ഇതൊരു സൂത്രമാണ്. 1991 ജൂണിൽ അധികാരത്തിൽ വന്ന നരസിംഹറാവു ഗവൺമെന്റാണ് സ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ്സ് തുടർന്നുവന്ന നെഹ്റുവിയൻ നയങ്ങളോട് വിട പറഞ്ഞത്. സാമ്രാജ്യത്വ ശക്തികൾക്കനുകൂലമായി രാജ്യത്തെ സമസ്ഥ മേഖലകളിലും പൂർണ്ണമായി ഒരു പൊളിച്ചെഴുത്ത് നടത്തിത്തുടങ്ങി. പുതിയ സാമ്പത്തികനയത്തിൽ സ്റ്റേറ്റിന് സാമൂഹ്യ ബാധ്യതകൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള ചുമതലയില്ലെന്ന സ്ഥിതി വന്നു. എല്ലാം കമ്പോളത്തിന്റെയും ലാഭത്തിന്റെയും ജാലവിദ്യയ്ക്കു വിട്ടുകൊടുത്തു തുടങ്ങുകയാണ് അദ്ദേഹം ചെയ്തത്. അതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരായി ആദ്യമായി ആക്രമണമഴിച്ചുവിട്ടു. എന്നാൽ പിന്നീട് ലാഭമായാലും നഷ്ടമായാലും മൽസരാധിഷ്ഠിത വ്യവസ്ഥയിൽ സ്വകാര്യവൽക്കരണം അനിവാര്യമാണെന്നായി പ്രചാരണം. നരസിംഹറാവു ഗവൺമെന്റ് ഐ.എം.എഫ്., ലോകബാങ്ക് നയങ്ങൾക്കനുഗുണമായി ഇൻഡ്യൻ വ്യാവസായിക, സാമ്പത്തിക മേഖലയിലാകെ ഇത്തരത്തിൽ തുടങ്ങിവച്ച നയങ്ങളുടെ ഭാഗമായാണ് ബാങ്കിംഗ് രംഗത്തെ പരിഷ്കാരങ്ങളും തുടങ്ങിവച്ചത്. മേൽ സൂചിപ്പിച്ചതുപോലെ 1991-ൽ അധികാരത്തിൽവന്ന ഗവൺമെന്റ് മുൻ കോൺഗ്രസ്സ് ഗവൺമെന്റുകൾ സ്വീകരിച്ചു വന്ന സോഷ്യലിസ്റ്റ് പരിവേഷം ഉപേക്ഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ കോൺഗ്രസ്സിൽ സോഷ്യലിസമുണ്ടോ? ഇവിടെ പാസ്സാക്കിയ സോഷ്യലിസ്റ്റ് പാറ്റേൺ ഉണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ടി.വി. തോമസ് വ്യവസായമന്ത്രിയായിരുന്നപ്പോൾ ജപ്പാനിൽ വ്യവസായികളെ തേടിപ്പോയെന്ന്പറഞ്ഞ് അങ്ങും അങ്ങയുടെ പാർട്ടിക്കാരും എതിർത്തു. ഇന്ന് അങ്ങേയ്ക്ക് അമേരിക്കയിൽ.....

ശ്രീ. ഇ.കെ. നായനാർ : അരി എത്രയെന്ന് ചോദിക്കുമ്പോൾ പയർ അഞ്ഞാഴിയെന്നല്ല പറയേണ്ടത്. സോഷ്യലിസ്റ്റ് പരിവേഷം ഇന്നുണ്ടോ എന്നാണ് എന്റെ ചോദ്യം. അതുണ്ടോ?

(ശ്രീ. എ.കെ. ആന്റണി) : ഈ സിദ്ധാന്തവും പ്രയോഗവുമുണ്ടല്ലോ. പ്രയോഗത്തിൽ ഉദാരവൽക്കരണത്തിന്റെ എല്ലാ ആനുകൂല്യങ്ങളും സൗകര്യങ്ങളും കേരളത്തിൽ കോൺഗ്രസ്സിനെക്കാളും, യു.ഡി.എഫ്-നേക്കാളും അനുഭവിക്കുന്ന അങ്ങയുടെ ഗവൺമെന്റിന് ഇപ്പോൾ സോഷ്യലിസമുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ടല്ലോ. ലക്ഷ്യം സോഷ്യലിസ്റ്റമാണ്. ഞങ്ങൾ നിങ്ങളുടെ ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ടാണ് ഭരിക്കുന്നത്. ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് ഭരിക്കുന്നത്. അത്രയും പരിമിതി അതിനുണ്ട്. ഞങ്ങൾക്ക് സോഷ്യലിസമുണ്ട്. നിങ്ങൾ സോഷ്യലിസം പാസ്സാക്കിയതല്ല.? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, സർദാർ പട്ടേലും, മൗലാനാ ആസാദുംകൂടി പാസ്സാക്കിയതല്ലേ? അത് ഇപ്പോൾ ഉണ്ടോ? വിവരമില്ലാതെ പറഞ്ഞിട്ട് കാര്യമില്ല. അതിന്റെ ഭാഗമായി ബാങ്കിംഗ് രംഗമാകെ പൊളിച്ചെഴുത്തിന് വിധേയമാക്കാൻ നരസിംഹം കമ്മിറ്റിയെ നിയമിച്ചു. ലോകബാങ്കു നിർദ്ദേശങ്ങൾ (വേൾഡ് ബാങ്കിന്റെ ഇൻഡ്യ ഫിനാൻഷ്യൽ സെക്റ്റർ റിപ്പോർട്ട്) അപ്പടി പകർത്തിയെഴുതിക്കൊണ്ട് ഇൻഡ്യൻ ബാങ്കിംഗ്രംഗം സ്വകാര്യ മേഖലയ്ക്കു തീറെഴുതാനും, ദേശസാൽക്കരണ ലക്ഷ്യങ്ങളെ പാടേ തകിടം മറിക്കാനും തക്കവിധമുള്ള റിപ്പോർട്ട് തയ്യാറാക്കാൻ നരസിംഹം കമ്മിറ്റിക്ക് കേവലം മൂന്നുമാസമേ വേണ്ടിവന്നുള്ളൂ. ഇത്ര ലാഘവബുദ്ധിയോടെ ഇത്ര ഗഹനമായ ഒരു വിഷയത്തെ കൈകാര്യം ചെയ്യാൻ ഗവൺമെന്റ് അനുവദിച്ചതിനു കാരണം ഐ.എം.എഫ്. നോടും ലോകബാങ്കിനോടും, അന്താരാഷ്ട്ര കുത്തകകളോടുമുള്ള വിധേയത്വം മാത്രമാണ്. ഈ വിധേയത്വംമൂലം നെഹ്റുവിയൻ സാമ്പത്തിക നയങ്ങളെപ്പോലും സാമ്രാജ്യത്വാനുകൂലമായി തിരുത്തുകയാണ് കോൺഗ്രസ്സ് (ഐ) ഗവൺമെന്റ് ആദ്യം ചെയ്തത്. അത് കൂടുതൽ ശക്തമായി ബി.ജെ.പി ഗവൺമെന്റ് തുടർന്നു. അതിന്റെ പരിണതഫലമായിട്ടാണ് ഇന്ദിരാഗാന്ധി ഗവൺമെന്റ് നടപ്പിലാക്കിയ ബാങ്കു ദേശസാൽക്കരണത്തെപ്പോലും ഇല്ലായ്മ ചെയ്യുന്ന ഇന്നത്തെ നടപടികൾ. ഇന്ദിരാഗാന്ധി ഗവൺമെന്റ് ആ ബിൽ അവതരിപ്പിച്ച പാർലമെന്റിൽ ഞാനും മെമ്പറായിരുന്നു. സി.പി.എം,-ഉം അതിന്റെ കൂടെയുണ്ടായിരുന്നു. നരസിംഹം കമ്മിറ്റി വഴി ഇന്നും കേന്ദ്രം ചെയ്യുന്നത് ബാങ്ക് ദേശസാൽക്കരണത്തിന്റെ കഥകഴിക്കലാണ്. ഒന്നാം നരസിംഹം കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് നോക്കിയാൽ അതിന്റെ മനോഭാവം എന്തായിരുന്നു എന്ന് വ്യക്തമാവും.

1. ഇനിമേൽ ഒറ്റ വാണിജ്യബാങ്കും ദേശസാൽക്കരിക്കുകയില്ലെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കണം. അതുപോലെ സ്വകാര്യ ബാങ്കുകൾ നടത്തുന്നതിന് യാതൊരു നിയന്ത്രണവും പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2. വിദേശബാങ്കുകളുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തു കളയണം. ശാഖകൾ തുറക്കുന്നതിന് വിദേശബാങ്കുകൾക്കും ഇന്നുള്ള തടസ്സങ്ങൾ ഇല്ലാതാകണം.

3. വാണിജ്യബാങ്കുകളുടെ മൂലധനം വർദ്ധിപ്പിക്കുന്നതിനായി അവയുടെ ഷെയറുകൾ ഓപ്പൺ മാർക്കറ്റിൽ വിൽക്കണം.

4. മുൻഗണനാ വിഭാഗങ്ങൾക്ക് നൽകാവുന്ന വായ്പയുടെ പരിധി 40 ശതമാനത്തിൽനിന്ന് പത്ത് ശതമാനമായി വെട്ടിച്ചുരുക്കണം.

5. വായ്പകൾക്കുള്ള സൗജന്യപലിശനിരക്കുകൾ നിർത്തലാക്കണം. പലിശ നിരക്ക് മാർക്കറ്റ് ഡിമാന്റനുസരിച്ച് നിശ്ചയിക്കണം.

6. ബാങ്കുകളുടെ ശാഖ തുറക്കുന്നതിന് ആർ. ബി. ഐ. ലൈസൻസ് വേണമെന്നുള്ള നിബന്ധന എടുത്തുകളയണം. ശാഖകൾ തുറക്കുന്നതിനും അടച്ചുപൂട്ടുന്നതിനുമുള്ള പരിപൂർണ്ണമായ സ്വാതന്ത്ര്യം ബാങ്കുകൾക്കുണ്ടായിരിക്കണം.

7. ബാങ്കുകളിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുന്ന ജോലി അതിശീഘ്രം മുന്നോട്ടുകൊണ്ട് പോകണം. അതുമൂലം അധികം വരുന്ന ജീവനക്കാരെ പിരിച്ചുവിടണം.

8. ബാങ്കിംഗ് ഇടപാടുകളിൽ റിസർവ്വ് ബാങ്കിനുള്ള നിയന്ത്രണം പരിമിതപ്പെടുത്തണം.

ഒന്നാം നരസിംഹം കമ്മിറ്റിയുടെ ഈ നിർദ്ദേശങ്ങളിൽ നിന്നും നമുക്കൊരു കാര്യം മനസ്സിലാക്കാം. സാമൂഹ്യമാറ്റത്തിനുള്ള ഉപകരണമായി കണക്കാക്കപ്പെട്ടിരുന്ന ബാങ്കിംഗ് സമ്പ്രദായത്തെ പടിപടിയായി നശിപ്പിക്കുകയും ക്രമേണ ഇൻഡ്യനും വിദേശിയുമായ സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിൽ ബാങ്കിംഗ് മേഖലയെ കൊണ്ടുവരുകയും ചെയ്യുക എന്ന ലക്ഷ്യമാണ് കേന്ദ്ര ഗവൺമെന്റിനുള്ളതെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

ബി.ഐ.എസ് (ബാങ്ക്ഫോർ ഇന്റർനാഷണൽ സെറ്റിൽമെന്റസ്)-ന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാം നരസിംഹംകമ്മിറ്റി ബാങ്കുകളുടെ കണക്കെഴുത്തു രീതി (അക്കൗണ്ടിംഗ് പ്രൊസീഡ്യൂവർ) മൂലധനനിക്ഷേപം (ക്യാപ്പിറ്റൽ ആഡിക്വസി) എന്നിവ സംബന്ധിച്ച ചില നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇവയെല്ലാം വികസിത മുതലാളിത്ത രാജ്യങ്ങളിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയിട്ടുള്ളവയാണ്. ഇൻഡ്യയിലെ ദേശസാൽകൃതബാങ്കുകൾക്ക് ബി.ഐ.എസ്-ന്റെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ട യാതൊരു സാഹചര്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഐ.എം.എഫ്, വേൾഡ് ബാങ്ക് നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റും ആർ.ബി.ഐ യും അന്ധമായി ഈ നടപടികൾ ഇൻഡ്യയിലും നടപ്പാക്കി. അതുവഴി പല ബാങ്കുകളും ബുദ്ധിമുട്ടിലായി.

ഒന്നാം നരസിംഹംകമ്മിറ്റി റിപ്പോർട്ടിന്റെ തുടർച്ചയായി രണ്ടാം നരസിംഹം കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി നമ്മുടെ രാജ്യത്തെ ബാങ്കിംഗ് ധനകാര്യസ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പല പുതിയ നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്തു. അവയിൽ ചിലത് ഇവയാണ്.

1. പൊതുമേഖലാ ബാങ്കുകളുടെ ഉടമസ്ഥാവകാശം 33 ശതമാനമാക്കി മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

2. ദുർബല വിഭാഗങ്ങൾക്കും, ചെറുകിട വ്യവസായികൾക്കും കൃഷിക്കുമുള്ള വായ്പാ സംവിധാനം വെട്ടിച്ചുരുക്കുക.

3. വായ്പകൾക്കുള്ള സഹായ പലിശ നിരക്ക് ഉടൻ പിൻവലിക്കുക, പലിശ സബ്സിഡി പൂർണ്ണമായും നിർത്തലാക്കുക.

4. പണ വ്യവസ്ഥയുടെ നിയന്ത്രണ ചുമതലയുള്ള നിലയ്ക്ക് (മോണിറ്ററി കൺട്രോൾ) ആർ.ബി.ഐ. ബാങ്കുകളുടെ ഉടമ ആയിക്കൂടാ.

5. വിദേശ ബാങ്കുകൾക്ക് സബ്സിഡിയറികൾ നടപ്പാക്കാനും സംയുക്തസംരംഭങ്ങൾ തുടങ്ങാനും അനുമതി നല്കണം.

6. ലോക്കൽ ഏരിയ ബാങ്കുകൾക്ക് പുറമെ പുതിയ സ്വകാര്യ ബാങ്കുകൾക്ക് ലൈസൻസ് നല്കുന്നത് തുടരണം.

തൊഴിലാളികളുടെ നിലനിൽപ്പിനെയും വിലപേശൽ ശക്തിയേയും അപകടപ്പെടുത്തുന്ന ചില നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിലുണ്ട്.

1. ബി.എസ്.ആർ.ബി (ബാങ്കിംഗ് സർവീസ് റിക്രൂട്ട്മെന്റ് ബോർഡ്) നിർത്തലാക്കണം. നിയമനാധികാരം അതതു ബാങ്കുകൾക്കു നല്കണം. വൈദഗ്ദ്ധ്യമുള്ള ജീവനക്കാരെ നിയമിക്കാനുള്ള പുതിയ സംവിധാനം രൂപീകരിക്കണം.

2. പുനർ പരിശീലനം നല്കി അധികം വരുന്ന ജീവനക്കാരെ പുനർവിന്യാസം ചെയ്യണം. ചലനാത്മകത, അഭിരുചി, എന്നിവയുടെ അഭാവം കാരണം പുനർവിന്യാസം ചെയ്യാൻപോലും കഴിയാത്തവരെ സ്വയം പിരിഞ്ഞുപോകൽ പദ്ധതിയിലൂടെ പുറത്താക്കുക.

ഇങ്ങനെ പല തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങളും രണ്ടാം നരസിംഹം കമ്മിറ്റി റിപ്പോർട്ടിലുണ്ട്. ചുരുക്കത്തിൽ ബാങ്ക് ദേശസാൽക്കരണം മുന്നോട്ടു വച്ച മുൻഗണനകളെല്ലാം ഫലത്തിൽ മാറ്റിമറിക്കുകയാണ് ഈ നിർദ്ദേശങ്ങളുടെ ഉള്ളടക്കം. മാസ് ബാങ്കിംഗിൽ നിന്ന് കുത്തക മൂലധനത്തിന്റേയും വൻകിട ബിസിനസ്സുകാരുടേയും താല്പര്യങ്ങൾക്കു കീഴ്പ്പെട്ടുള്ള ക്ലാസ് ബാങ്കിംഗിലേക്കുള്ള പരിവർത്തനമാണ് ലക്ഷ്യം. 1947 മുതൽ ഇൻഡ്യൻ ജനത കെട്ടിയുയർത്തിക്കൊണ്ടുവന്നതും രാജ്യമാകെ പടർന്നു പന്തലിച്ചതുമായ പൊതുസമ്പത്ത് എഴുതിവില്ക്കണമെന്നാണ് നരസിംഹം കമ്മിറ്റി ഒന്നും രണ്ടും റിപ്പോർട്ടിലൂടെ സമർത്ഥിക്കുന്നത്. നരസിംഹം കമ്മിറ്റി റിപ്പോർട്ടുകൾക്കൊപ്പം തന്നെ റിസർവ്വ് ബാങ്ക് നിയമിച്ച മറ്റു പല കമ്മിറ്റികളും റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ആർ. വി. ഗുപ്ത കമ്മിറ്റി ഓൺ അഗ്രിക്കൾച്ചർ ക്രെഡിറ്റ്. നിലനിന്നുപോരുന്ന കാർഷിക മേഖലാ വായ്പകളും, ദുർബല വിഭാഗങ്ങൾക്കു നല്കിവന്ന പ്രത്യേക പരിഗണനകളും പലിശനിരക്കുകളും ഇല്ലാതാക്കണം എന്നാണ് ഗുപ്ത കമ്മിറ്റി നിർദ്ദേശിക്കുന്നത്. കാർഷിക വായ്പകൾക്കും മറ്റും പ്രത്യേക പലിശനിരക്കിന്റെ ആവശ്യമില്ല. കർഷകർക്ക് വായ്പയുടെ പലിശനിരക്ക് പ്രശ്നമല്ല, വായ്പാ ലഭ്യതയാണ് പ്രധാനം എന്നാണ് ഗുപ്തയുടെ കണ്ടുപിടിത്തം.

ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ സംബന്ധിച്ച് ശ്രീ. ഖാൻ ചെയർമാൻ ആയുള്ള കമ്മിറ്റിയും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ വികസനപരമായ കാര്യങ്ങൾ മാത്രമല്ല സാധാരണ ബാങ്കിംഗ് പ്രവർത്തനങ്ങളും, ഏറ്റെടുക്കണമെന്ന് ഖാൻ കമ്മിറ്റി നിർദ്ദേശിക്കുന്നു. അതുവഴി ഡെവലപ്മെന്റൽ ഫംഗ്ഷൻസിൽ വെള്ളം ചേർക്കുക എന്ന സ്ഥിതിയുണ്ടാകും. മറ്റുപല പ്രതിലോമ നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും ഖാൻ കമ്മിറ്റി മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇതിന്റെയൊക്കെ തുടർച്ചയായാണ് എം.എസ്.വർമ്മ കമ്മിറ്റി ഓൺ വീക്ക് പബ്ലിക് സെക്ടർ ബാങ്ക്സ് റിപ്പോർട്ട് സമർപ്പിക്കുന്നത്. വർമ്മ കമ്മിറ്റി റിപ്പോർട്ട് യഥാർത്ഥത്തിൽ നരസിംഹം കമ്മിറ്റി ഒന്നും രണ്ടും റിപ്പോർട്ടുകളുടെ ഓപ്പറേറ്റീവ് പാർട്ട് ആണെന്നുപറയാം. വർമ്മ മുന്നോട്ട് വയ്ക്കുന്ന മാനദണ്ഡങ്ങൾ വച്ചുനോക്കിയാൽ ദേശസാൽകൃത ബാങ്കുകളിൽ 25 എണ്ണവും ക്ഷീണിതമാണ്. ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സും സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാലയും മാത്രമാണ് ഒഴിവാക്കപ്പെട്ടിട്ടുള്ളത്. ഏഴ് മാനദണ്ഡങ്ങളാണ് ബാങ്കുകളുടെ ആരോഗ്യം അളക്കാൻ വർമ്മ ഉപയോഗിച്ചത്.

1. Capital Adequacy Ratio (CAR)
2. Coverage Ratio
3. Return on Asset
4. Net Interest Margin
5. Ratio of Operating profit to average working fund
6. Ratio of Cost to Income
7. Ratio of Staff Cost to net interest plus all other income.

ബാങ്കുജീവനക്കാർക്കും താഴെക്കിടയിലുള്ള ഓഫീസർമാർക്കും ബാങ്കിന്റെ പോളിസി തീരുമാനങ്ങളെടുക്കുന്നതിലും, ബാങ്കിനെ നഷ്ടത്തിലാക്കുന്നതിലും യാതൊരു പങ്കുമില്ല എന്ന് സമ്മതിക്കുമ്പോൾതന്നെ ഇൻഡ്യൻ ബാങ്ക്, യൂക്കോ ബാങ്ക്, യൂണൈറ്റഡ് ബാങ്ക് (ഏറ്റവും കൂടുതൽ ക്ഷീണിത ബാങ്കുകൾ) എന്നിവയിൽ 35 ശതമാനം ജീവനക്കാരുടെ എണ്ണം കുറവുചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. 25 ശതമാനം ജീവനക്കാരെ ഉടൻതന്നെ പിരിച്ചുവിടണമെന്നാണ് കമ്മിറ്റി നിർദ്ദേശം. വൈരുദ്ധ്യമെന്നുതോന്നാം, താഴെക്കിടയിലുള്ള ജീവനക്കാരെ പിരിച്ചുവിടാൻ നിർദ്ദേശിക്കുമ്പോൾതന്നെ ഉന്നതരുടെ ശമ്പളവും മറ്റലവൻസുകളും വർദ്ധിപ്പിക്കണമെന്നാണ് വർമ്മ കമ്മിറ്റി പറയുന്നത്. വോളന്ററി റിട്ടയർമെന്റ് സ്കീം ഉടൻതന്നെ നടപ്പാക്കി മനുഷ്യശേഷി ഉടൻതന്നെ വെട്ടിക്കുറയ്ക്കണമെന്നാണ് വർമ്മ കമ്മിറ്റി പറയുന്നത്. ജീവനക്കാരും തൊഴിലാളിസംഘടനകളും 25% ജീവനക്കാരെ പിരിച്ചുവിടുന്നത് അംഗീകരിക്കുന്നില്ലെങ്കിൽ വേതനം 25% കുറച്ച് ആ നിലയിൽ അഞ്ചു വർഷത്തേക്ക് മരവിപ്പിച്ചു നിർത്തണം എന്നും കമ്മിറ്റി പറയുന്നു. ഈ മൂന്നു ബാങ്കുകളെ പുനരുദ്ധരിക്കാൻ കേന്ദ്ര സർക്കാർ 5500 കോടി രൂപ നല്കണം എന്നതാണ് കമ്മിറ്റിയുടെ മറ്റൊരു നിർദ്ദേശം. (അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ) അതിൽ 1200 കോടിയോളം രൂപ വി.ആർ.എസ്സിന് വേണ്ടിയാണ്. അതായത് പിരിച്ചയയ്ക്കാൻ വേണ്ടി. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളൊന്നും നടപ്പാകുന്നില്ലെങ്കിൽ ഇന്ത്യൻബാങ്ക്, യൂക്കോ ബാങ്ക്, യൂണൈറ്റഡ് ബാങ്ക് എന്നിവ അടച്ചുപൂട്ടണം എന്നാണ് വർമ്മ പറയുന്നത്. ബാങ്ക് പുനരുദ്ധാരണത്തെക്കുറിച്ച് ഇത്രയുമൊക്കെ പറയുന്ന റിപ്പോർട്ട് 58,554 കോടി രൂപയുടെ കിട്ടാക്കടം സംബന്ധിച്ച് വ്യക്തമായി ഒന്നുംതന്നെ പറയുന്നില്ല എന്നതാണ് ഏറെ ശ്രദ്ധിക്കേണ്ടത്. ഈ 58,554 കോടി രൂപ കിട്ടാക്കടത്തിൽ 871 കോടി പുതിയ പ്രൈവറ്റ് സെക്ടർ ബാങ്കുകളുടേതാണ്. 1993-ലും അതിനുശേഷവും ആരംഭിച്ച സ്വകാര്യ ബാങ്കുകളാണിവ. ഈ കിട്ടാക്കടത്തിൽ ബഹുഭൂരിപക്ഷവും ഇന്ത്യൻ കുത്തകകൾ ബാങ്കുകൾക്ക് കൊടുക്കാനുള്ളതാണ്. ഉദാഹരണത്തിന് ഇൻഡ്യൻ ബാങ്കിന്റെ 3700 കോടി രൂപയുടെ കിട്ടാക്കടത്തിൽ 1500 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

15 വൻകിട അക്കൗണ്ടുകളുടെ മാത്രമാണ്. ഈ ഔദ്യോഗിക കമ്മിറ്റികളോടൊപ്പംതന്നെ FICCI, ASSOCHAM, C- II തുടങ്ങിയ വ്യവസായ മുതലാളിമാരുടെ സംഘടനകളും ഇന്ത്യൻ ബാങ്കിംഗ് വ്യാവസായത്തെക്കുറിച്ച് പഠിക്കാൻ പല കമ്മിറ്റികളേയും നിയമിച്ചു. അവയുടെ ഒക്കെ റിപ്പോർട്ടുകളും തൊഴിലാളികളെ ദ്രോഹിക്കാനും, ഇന്ത്യയുടെ ദേശസാൽക്കരണ സങ്കല്പത്തെ തകർക്കാനും വഴിവയ്ക്കുന്ന തരത്തിലാണ്. അടുത്ത ദിവസങ്ങളിൽ C II-യുടെ ഒരു കമ്മിറ്റി ഇന്ത്യൻ ബാങ്ക്, യൂക്കോബാങ്ക്, യുണൈറ്റഡ് ബാങ്ക് എന്നിവ അടച്ചുപൂട്ടണം എന്ന് നിർദ്ദേശിക്കുകയുണ്ടായി. വ്യാപകമായ പ്രതിഷേധമുയർന്നപ്പോൾ ആ നിർദ്ദേശം പിൻവലിച്ചതായി തന്നെ പ്രസ്താവനയിറക്കി. ഇന്ത്യൻ കുത്തകകളും വിദേശകുത്തകകളും ലക്ഷ്യമിടുന്നത് 7,50,000 കോടിയോളം രൂപ വരുന്ന ബാങ്ക് ഡെപ്പോസിറ്റാണ്. ഇതിൽ 80% ദേശസാൽക്കൃത ബാങ്കുകളിലാണ്. ഈ ഭീമാകാരമായ നിക്ഷേപത്തിൽ 75% ഇന്ത്യയിലെ സാധാരണക്കാരുടേതാണ്. ഇതിൽ 2,50,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് തുച്ഛമായ പലിശയ്ക്ക് ഉപയോഗിക്കുന്നതുമാണ്. ഐ.ഡി.ബി.ഐ., ഐ.എഫ്.സി.ഐ., സിഡ്ബി, നബാർഡ് തുടങ്ങിയ ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റൂഷൻസിനേയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ റിസർവ് ബാങ്കിനെ ആട്ടോണമസ് ആക്കി, സർക്കാരിന്റെയും പാർലമെന്റിന്റെയും നിയന്ത്രണത്തിൽനിന്നും വിടുതൽ ചെയ്യാനുള്ള നീക്കങ്ങളും നടക്കുന്നു. റിസർവ് ബാങ്കിന്റെ ബോർഡിലെ കുത്തകവ്യവസായികളുടെ എണ്ണം ഉയർത്താനും ശ്രമമുണ്ട്. ചുരുക്കത്തിൽ ബാങ്കിംഗ് മേഖലയാകെ കുത്തകകൾക്ക് കൈമാറുക എന്നതാണ് പരിപാടി. രാജ്യത്തിന്റെ സാമ്പത്തിക സ്വാശ്രയത്വം നിലനിന്നു കാണണമെന്നാഗ്രഹിക്കുന്നവർ ഇതിനെ ചെറുത്തുതോൽപ്പിക്കുവാൻ മുന്നിൽനിന്നു പ്രവർത്തിക്കുകതന്നെ വേണം. ഇതിന് എല്ലാ കക്ഷികളും കക്ഷി വ്യത്യാസമില്ലാതെ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ശ്രീ.ജി. സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ പ്രമേയത്തോട് വിയോജിച്ചതുകൊണ്ട് ഇത്ര പ്രധാനപ്പെട്ട വിഷയത്തിൽ ഞാൻ ഡിവിഷൻ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

റൂൾ 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു:

"ഇൻഡ്യയിലെ ദേശസാൽകൃത ബാങ്കുകളിൽ ആഭ്യന്തരവും വൈദേശികവുമായ ഓഹരി പങ്കാളിത്തം നൽകി സ്വാകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ ഈ സഭ ശക്തിയായി പ്രതിഷേധിക്കുന്നു. ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള ജനദ്രോഹ നടപടി ഉപേക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു".

<u>ശ്രീ. ടി.കെ. ബാലൻ</u> :- പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u> :- ശ്രീ. ജി.സുധാകരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ..... പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly